ലോക കേരള സഭ
2018
ഒന്നിക്കാം, സംവദിക്കാം, മുന്നേറാം.
ആദ്യ സമ്മേളനം
ജനുവരി 12–13, നിയമസഭ മന്ദിരം

# കേരള സർക്കാർ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം

## ലോക കേരളസഭ പത്രക്കുറിപ്പ്

www.prd.kerala.gov.in

email: lkspressrelease@gmail.com

---

**ജനുവരി 13**

---

## പാർട് 1

### കിഫ്ബി: ചിട്ടി സ്കീമിന് പ്രവാസികളുടെ പിന്തുണ

ലോക കേരള സഭയുടെ രണ്ടാംദിനത്തിലെ ഉപചർച്ചയിൽ കിഫ്ബി ഫണ്ട് സമാഹരണത്തിലെ വിവിധ സാധ്യതകൾ ചർച്ചചെയ്തു. രണ്ട് വർഷം കൊണ്ട് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിലൂടെ 20,000 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യമെന്ന് ചർച്ചയ്ക്ക് തുടക്കമിട്ടുകൊണ്ട് ധനകാര്യമന്ത്രി ടി.എം തോമസ് ഐസക് പറഞ്ഞു. പവാസികളുടെ സമ്പാദ്യത്തെ നാടിന്റെ സൗഭാഗ്യമാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. 10 ലക്ഷം പ്രവാസികളെങ്കിലും ചിട്ടിയിൽ ചേരുമെന്നാണ് പ്രതീക്ഷ. ബാങ്ക് നിരക്കിനേക്കാൾ കൂടിയ പലിശ കിട്ടുന്ന ചിട്ടി കേരളവികസന പ്രക്രിയയിൽ പങ്കാളി ആകാനും പ്രവാസികൾക്ക് അവസരം നൽകുന്നു എന്ന് തോമസ് ഐസക് ചൂണ്ടിക്കാട്ടി പെൻഷനും ഇൻഷുറൻസ് സംരക്ഷണവും ബന്ധിപ്പിച്ചുള്ള പ്രവാസി ചിട്ടികൾ മികച്ച നിക്ഷേപഅവസരമാണെന്ന് കിഫ്ബി സി.ഇ.ഒ ഡോ.കെ.എം എബ്രഹാം പറഞ്ഞു. ഗൾഫ് രാജ്യങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താതെ യൂറോപ്പ്, അമേരിക്ക ഉൾപ്പെടെ ലോകത്തെ എല്ലാ മലയാളികൾക്കും ഇതിൽ ചേരാൻ അവസരം നൽകണമെന്ന് ചർച്ചയിൽ പ്രവാസികൾ ആവശ്യപ്പെട്ടു. ജാമ്യവ്യവസ്ഥകളും നടപടിക്രമങ്ങളും ലഘൂകരിക്കണമെന്നും അവർ അഭ്യർത്ഥിച്ചു. പ്രവാസി ചിട്ടിയുടെ നടപടിക്രമങ്ങളെല്ലാം ഓൺലൈനായിട്ടാണ് ചെയ്യുന്നതെന്നും നടപടിക്രമങ്ങൾ ലളിതവും സുതാര്യവും ആണ് എന്ന് എബ്രഹാം വിശദീകരിച്ചു. ലാഭം ഉറപ്പാക്കുന്ന കൂടുതൽ പദ്ധതികൾ കിഫ്ബി നടപ്പാക്കണമെന്ന് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. മികച്ച പദ്ധതികൾ അവതരിപ്പിച്ചാൽ നിക്ഷേപിക്കാൻ പ്രവാസികൾ ഒരുക്കമാണ് എന്ന് ഗൾഫാർ മുഹമ്മദാലി പറഞ്ഞു. ഗവൺമെന്റ് പണം വികസന ആവശ്യത്തിന് ചെലവ് ചെയ്യുമ്പോൾ ബാധ്യകൂടുമെന്നും അത് അത് പരിഹരിക്കാൻ പ്രവാസികൾ നിക്ഷേപം നടത്തണമെന്നും മുൻ ധനകാര്യമന്ത്രി കെ.എം മാണി അഭ്യർത്ഥിച്ചു. ഓഹരി പങ്കാളിത്തമുള്ള സ്റ്റേറ്റ് സോവറിൻ ഫണ്ട് പോലുള്ള നിക്ഷേപ ഉൽപ്പന്നങ്ങൾ സർക്കാർ നടപ്പാക്കണം. നഷ്ടത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിക്കാനും അതിൽ പ്രവാസികൾക്ക് ഓഹരി പങ്കാളിത്തം നൽകണം, ഇന്ത്യയിലെ പ്രവാസികൾക്കായും ചിട്ടി തുടങ്ങണം, കെ.എസ്.എഫ്.ഇയെ ബാങ്ക് ആക്കി മാറ്റണം തുടങ്ങിയ നിർദേശങ്ങളും അംഗങ്ങൾ ഉയർത്തി. പ്രവാസി സമൂഹം ആവശ്യപ്പെട്ടാൽ അവർക്കായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം ആലോചി

ക്കാമെന്ന് ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മനോജ് ജോഷി പറഞ്ഞു. എം.എൽ.എ മാരായ സുരേഷ് കുറുപ്പ്, ടി.വി രാജേഷ്., വി.ഡി സതീശൻ, സാമ്പത്തിക ഉപദേഷ്ടാവ് ഡോ. ഗീത ഗോപിനാഥ്, പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ വി.കെ രാമചന്ദ്രൻ, കമല വർധന റാവു, ഡോ. ഷർമിള മേരി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

**ലോക കേരള സഭയോടനുബന്ധിച്ച് നടത്തിയ സാഹിത്യമൽസര വിജയികൾ**

ലോക കേരള സഭയോടനുബന്ധിച്ച് മലയാളം മിഷൻ നടത്തിയ ആഗോള സാഹിത്യമൽസര വിജയികളെ പ്രഖ്യാപിച്ചു. വീടുവിട്ടവർ എന്ന് വിഷയത്തെ അധികരിച്ചുള്ള കഥാ രചനയിൽ സീനിയർ വിഭാഗത്തിൽ ചെന്നൈയിലെ ചൈത്ര ഒന്നാം സ്ഥാനവും നീലഗിരിയിലെ ആൻ ഫ്രെഡി ചീരൻ രണ്ടാം സ്ഥാനവും ജോ ഫ്രെഡി ചീരൻ മൂന്നാം സ്ഥാനവും നേടി. ജൂനിയർ വിഭാഗത്തിൽ നീലഗിരിയിലെ എസ്.എൻ നയന, റായ്ഗഡിലെ നിവേദ്യ അനീഷ് ബാബു, അമൃത സഹദേവൻ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

പ്രയാണം എന്ന വിഷയത്തെ അധികരിച്ചുള്ള കവിതാ രചന മൽസരത്തിൽ സീനിയർ വിഭാഗത്തിൽ ശ്രീജിഷ് ചെമ്മരൻ, സൗദി അറേബ്യയിലെ നിവ്യദാസ്, റായ്ഗഡിലെ സ്നേഹ ഷിബു എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ജൂനിയർ വിഭാഗത്തിൽ കൊല്ലത്തെ പൂജ പ്രിജി, റായ്ഗഡിലെ നിവേദ്യ അനീഷ് ബാബു, ചെന്നൈയിലെ കൈലാസ് നാഥ് എൻ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## പാർട് 2

**കാർഷികരംഗത്തെ പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കും**

കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധിത സാധ്യതകൾ പ്രവാസികളുടെ സഹായത്തോടെ പ്രയോജനപ്പെടുത്താൻ സർക്കാർ സന്നദ്ധമാണെന്ന് കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ പറഞ്ഞു. ലോകകേരളസഭയുടെ ഭാഗമായ ഉപസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിദേശത്ത് ദീർഘകാലം ചെലവഴിച്ച പ്രവാസികളുടെ അറിവും നിക്ഷേപവും പുത്തൻ ടെക്നോളജികളും ഉപയോഗിച്ച് കാർഷിക മേഖലയിൽ എന്ത് ചെയ്യാനാകുമെന്നത് ഗൗരവമായി ആലോചിക്കുകയാണ്. മൂല്യവർധിത സാധ്യതകൾ ചർച്ച ചെയ്യാൻ വൈഗ എന്ന പേരിൽ നടത്തുന്ന സമ്മേളനത്തിൽ പ്രവാസികളെ ക്ഷണിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യും. www.sfackerala.org എന്ന വെബ്സൈറ്റിൽ വൈഗയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകും. കാർഷികസംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകളെ വൈഗയിലേക്ക് ക്ഷണിച്ച് ചർച്ച നടത്തും. ചക്ക, തേങ്ങ, തേൻ, ഏത്തൻപഴം തുടങ്ങി കേരളത്തിൽ സുലഭമായി ലഭിക്കുന്ന തനത് കാർഷികോൽപ്പന്നങ്ങളെ മൂല്യവർധിതോൽപ്പന്നങ്ങളാക്കാവുന്ന ടെക്നോളജി ഇവിടെയുണ്ട്. ഇത് പ്രവാസികൾക്ക് ലഭ്യമാക്കാൻ സർക്കാരിന് കഴിയും. നാളികേരത്തിലെ നിക്ഷേപ സാധ്യതകളും പഠിക്കും. സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് കേരള ഓർഗാനിക് എന്ന ബ്രാൻഡ് നിലവിലുണ്ട്. ഇത് ലോകവിപണിയിലെത്തിക്കുന്നതിനുള്ള നടപടി പ്രവാസികളുടെ കൂടി സഹായത്തോടെ സ്വീകരിക്കാനാകും. കൃഷിക്കു വേണ്ട പരിശീലനം, സാങ്കേതികവിദ്യ, സബ്സിഡി, പ്രോജക്ട് തയ്യാറാക്കുന്നതിലെ സഹായം തുടങ്ങിയവയും ലഭ്യമാക്കാം. സാധാരണക്കാരായ പ്രവാസികൾക്കും ചെറിയ നിക്ഷേപത്തിലൂടെ വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്ന സുരക്ഷിത മേഖലയാണ് കൃഷിയെന്നും മന്ത്രി പറഞ്ഞു.

മത്സ്യകൃഷിയിലെ പ്രവാസികളുടെ നിക്ഷേപ സാധ്യത വലുതാണെന്ന് ഫിഷറീസ് മന്ത്രി മേഴ്സിക്കുട്ടി അമ്മ പറഞ്ഞു. കൊച്ചിയിൽ ലഭ്യമായിട്ടുള്ള പ്രദേശത്ത് വൻകിട മത്സ്യകൃഷിക്ക് പ്രത്യേക ഇടം ലഭ്യമാക്കാൻ കഴിയും. ഇവിടെ പ്രവാസികൾക്ക് നിക്ഷേപം നടത്താനും അവസരമുണ്ടാകും. കേരളത്തിലെ കശുവണ്ടിക്ക് ലോകവിപണി

യിൽ വലിയ പ്രിയമുണ്ട്. സ്വാദും ഗുണനിലവാരവും ദീർകാലം കേടുകൂടാതെയിരിക്കുന്നതുമാണ് അതിന് കാരണം. പുറത്തു നിന്ന് ലഭിക്കുന്ന അസംസ്കൃത അണ്ടിയുടെ കുറവ് ഈ രംഗത്ത് ഭീഷണി ഉയർത്തുന്നുണ്ട്. ടാൻസാനിയയിൽ നിന്നുള്ള കശുവണ്ടി ലഭ്യതയ്ക്ക് അവിടത്തെ സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് ടാൻസാനിയയിൽ നിന്നെത്തിയ പ്രവാസി പ്രതിനിധി പറഞ്ഞു.

നിക്ഷേപം നടത്തിയാൽ വേഗം ലാഭം ലഭിക്കുന്ന മേഖലയാണ് മൃഗസംരക്ഷണമെന്ന് മന്ത്രി കെ.രാജു പറഞ്ഞു. മുട്ട, മാംസം എന്നിവയ്ക്ക് ഇവിടെ വിപണി ഉറപ്പാണ്. ഇവയുടെ ഉൽപ്പാദനം കൂട്ടിയാൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാം. പാലുൽപ്പാദനത്തിനായി തുടങ്ങുന്ന ചെറുകിട, ഇടത്തരം, വൻകിട ഡയറി യൂണിറ്റുകൾക്ക് സർക്കാർ സഹായം നൽകും. സാമ്പത്തിക ശേഷികുറഞ്ഞ പ്രവാസികൾക്ക് 20 മുതൽ 50 വരെ പശുക്കളുള്ള ഡയറി ഫാമുകൾ തുടങ്ങാവുന്നതാണ്. ഇതിനെല്ലാമുള്ള ലൈസൻസ് ലഭ്യമാക്കൽ വേഗത്തിൽ നടത്തും. സബ്സിഡി ലഭ്യമാക്കാനും കഴിയുമെന്ന് മന്ത്രി പറഞ്ഞു. കായലുകളിൽ പ്രത്യേക സ്ഥലങ്ങൾ പ്രവാസികൾക്ക് അനുവദിച്ചാൽ മത്സ്യോൽപ്പാദനത്തിൽ വർധനവുണ്ടാക്കാമെന്ന് പ്രതിനിധികൾ പറഞ്ഞു. മികച്ച കോഴിബ്രീഡ് സംസ്ഥാനത്തിനുണ്ടാകണമെന്നും പ്രതിനിധികൾ പറഞ്ഞു.

കാർഷികരംഗത്തെ സംരംഭങ്ങൾ തുടങ്ങുന്നവർക്ക് ലൈസൻസും സർക്കാർസഹായങ്ങളും നൽകുന്നതിന് ഏകജാലക സംവിധാനം വേണമെന്ന് പ്രതിനിധികൾ പറഞ്ഞു. ഇക്കാര്യം പരിഗണിക്കുമെന്ന് മന്ത്രിമാർ പറഞ്ഞു. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്,വൈദ്യുതി വകുപ്പുകളും മലിനീകരണ നിയന്ത്രണബോർഡും ചേർന്ന് ഇതിനുള്ള സംവിധാനം രൂപപ്പെടുത്തും. മന്ത്രിമാർക്ക് പുറമേ എം.എൽ.എമാരായ എസ്.ശർമ, കെ. എൻ.എ. ഖാദർ, കെ.കൃഷ്ണൻകുട്ടി, എസ്.ശർമ്മ, പുരുഷൻ കടലുണ്ടി എന്നിവരും വിവിധരാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

## <u>പാർട് 3</u>

### ആരോഗ്യമേഖലയിൽ സർക്കാർ ഇടപെടൽ ശക്തമാക്കണമെന്ന് ലോകകേരളസഭ

### കേരളത്തെ ആയുർവേദ ഹബ് ആക്കുമെന്ന് ആരോഗ്യ മന്ത്രി

കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സർക്കാർ ഇടപെടൽ ശക്തമാക്കണമെന്ന് പ്രവാസികൾ. ലോകകേരളസഭയുടെ ഭാഗമായി ആരോഗ്യമന്ത്രി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ നടന്ന ആരോഗ്യരംഗത്തെക്കുറിച്ചുള്ള ചർച്ചയിലാണ് നിർദ്ദേശമുണ്ടായത്. ആയുർവേദത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്നും ആയുർവേദ ടൂറിസം പോളിസി സർക്കാർ രൂപീകരിക്കണമെന്നും അഭിപ്രായമുണ്ടായി. മെഡിക്കൽ ടൂറിസത്തിന്റെ സാധ്യതകൾ, ആയുർവേദവും വിനോദസഞ്ചാരവും ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുടിയേറ്റം, കേരളീയർ വിദേശത്ത് നടത്തുന്ന ആരോഗ്യസ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചായിരുന്നു പ്രധാന ചർച്ച.

ആയുർവേദത്തെ പരിപോഷിപ്പിക്കുന്നതിന് അന്തർദ്ദേശീയ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ നടപടി ആരംഭിച്ചതായും കേരളത്തെ ആയുർവേദ ഹബ് ആക്കുകയാണ് ഉദ്ദേശമെന്നും ആരോഗ്യമന്ത്രി പറഞ്ഞു. സ്പെഷ്യാലിറ്റി ആശുപത്രിയും മ്യൂസിയവും അടങ്ങുന്ന ഗവേഷണ കേന്ദ്രമാണ് വിഭാവനം ചെയ്യുന്നത്. ആയുഷ് മേഖലയിലെ ആശുപത്രികളെ വിദേശികൾ ഉൾപ്പെടെയുള്ളവരെ ആകർഷിക്കാൻ കഴിയും വിധം മാറ്റാനാണ് സർക്കാർ ആലോചിക്കുന്നത്. വിദേശത്തെ നഴ്സുമാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് മന്ത്രി പറഞ്ഞു.

ആരോഗ്യമേഖലയിലെ ഇടപെടലിന്റെ ഭാഗമായി സർക്കാർ നടത്തുന്ന വിവിധ പദ്ധതികൾ ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ വിശദീകരിച്ചു. രണ്ടു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബുകളും ഒരു വർഷത്തിനകം സ്ട്രോക്ക് സെന്ററുകളും സ്ഥാപിക്കും. മലബാർ കാൻ

സർ സെന്റർ, കൊച്ചി കാൻസർ സെന്റർ എന്നിവയെ ആർ. സി. സിയുടെ നിലവാരത്തിലേക്കുയർത്തും. കേരളത്തിൽ കാൻസർ ചികിത്സ നടത്തുന്ന സർക്കാർ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും ഏകോപിപ്പിച്ച് കേരള കാൻസർ കെയർ ഗ്രിഡ് സ്ഥാപിക്കും. രോഗാണുപ്രതിരോധത്തിന് ആയുർവേദത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തും. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലെവൽ ഒന്ന് ട്രോമ കെയർ കേന്ദ്രങ്ങളും മറ്റു മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ലെവൽ രണ്ട് പരിചരണ കേന്ദ്രങ്ങളും സർക്കാർ ആരംഭിക്കും.

മെഡിക്കൽ ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ ദന്തപരിചരണത്തേയും ഉൾപ്പെടുത്തണമെന്ന അഭിപ്രായം ചർച്ചയിൽ ഉയർന്നു. വിദേശത്തേക്ക് ഹോം നഴ്സ് ജോലിക്കായി പോകുന്നവർക്ക് പരിശീലനം നൽകണം. ജിറിയാട്രിക് പരിചരണത്തിൽ കേരളം കൂടുതൽ ശ്രദ്ധ പുലർത്തണം. അൽഷിമേഴ്സ്, ഡിമൻഷ്യ പ്രശ്നങ്ങളാവും കേരളം ഭാവിയിൽ ആരോഗ്യരംഗത്ത് നേരിടാൻ പോകുന്ന വെല്ലുവിളികളിലൊന്നെന്ന അഭിപ്രായവും ഉണ്ടായി. ഇതിനെ നേരിടുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കണം. നാട്ടിലേക്ക് മടങ്ങുന്ന പ്രവാസികൾക്ക് പ്രത്യേക ആരോഗ്യപാക്കേജ് നടപ്പാക്കണം. സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിന് ശ്രീലങ്കൻ മാതൃക പിൻതുടരണം. ശ്രീലങ്കയിൽ സർക്കാർ ആശുപത്രികളിലാണ് മികച്ച ചികിത്സ സൗജന്യമായി ലഭിക്കുന്നത്.

പഠനം നടത്തിയ സ്ഥാപനം വർഷങ്ങൾക്കു ശേഷം പൂട്ടിപ്പോയ സാഹചര്യത്തിൽ സൗദി അറേബ്യയിലെ ഒരു വിഭാഗം നഴ്സുമാർ പ്രതിസന്ധിയിലായിരിക്കുകയാണെന്ന് ചർച്ചയിൽ പങ്കെടുത്തവർ അറിയിച്ചു. സർട്ടിഫിക്കറ്റ് വ്യാജമാണെന്ന നിലപാട് സൗദി ആരോഗ്യ കൗൺസിൽ വ്യക്തമാക്കിതോടെ ഇവർക്ക് യാത്ര ചെയ്യാൻ പോലും അനുമതിയില്ലാതെ കുടുങ്ങിയിരിക്കുകയാണ്. ഔഷധിയുടെ മരുന്നുകൾ ആസ്ട്രേലിയ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭിപ്രായമുയർന്നു.

ആയുഷ് സെക്രട്ടറി ശ്രീനിവാസ്, ആരോഗ്യദൗത്യം ഡയറക്ടർ കേശവേന്ദ്രകുമാർ, എ. എൻ. ഷംസീർ എം. എൽ. എ, കെ. സോമപ്രസാദ് എം. പി, ഗീതാ ഗോപിനാഥ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## പ്രവാസി പുനരധിവാസം ഗൗരവമായി പരിഗണിക്കും: മന്ത്രി ടി.പി. രാമകൃഷ്ണൻ

നിരവധി വർഷത്തെ പ്രവാസ ജീവിതത്തിന് ശേഷം മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം സർക്കാർ ഗൗരവമായി പരിഗണിക്കുമെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ പറഞ്ഞു. ലോക മലയാള സഭയുടെ രണ്ടാം ദിനം നടന്ന പ്രവാസത്തിന്റെ പ്രശ്നങ്ങൾ - പ്രവാസത്തിനുശേഷം എന്ന വിഷയത്തിനെ അധികരിച്ചു നടന്ന സമ്മേളനത്തിലാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. പ്രവാസികൾ ഉന്നയിച്ച പ്രശ്നങ്ങൾ സർക്കാർ വിശദമായ പരിശോധനയ്ക്കു വിധേയമാക്കുമെന്ന് ചർച്ചയ്ക്കൊടുവിൽ മന്ത്രി ഉറപ്പുനൽകി.

പ്രവാസശേഷമുള്ള ജീവിതത്തിന്റെ വിവിധതലങ്ങൾ പ്രതിനിധികൾ സമ്മേളനത്തിൽ വിശദമായി വിവരിച്ചു. ഒന്നുമില്ലായ്മയിൽ നിന്നും പുറപ്പെട്ട് ഒന്നുമില്ലാതെ തിരികെവരുന്ന പരിതാപകരമായ അവസ്ഥയാണ് ഭൂരിഭാഗം ഗൾഫ് മലയാളികളും നേരിടുന്നത്. വിവിധ രോഗങ്ങളും വരുമാനമില്ലായ്മയും കൊണ്ടുനട്ടം തിരിയുന്നവരാണ് ബഹുഭൂരിപക്ഷവുമെന്ന് പ്രതിനിധികൾ പറഞ്ഞു. അതിനാൽ തിരികെവരുന്ന പ്രവാസികളുടെ ആരോഗ്യസംരക്ഷണത്തിനും വരുമാനത്തിനും സർക്കാർ കൂടുതൽ നടപടികൾ എടുക്കണമെന്നും നിർദേശമുണ്ടായി.

രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസിക്ഷേമനിധി രാജ്യത്തിനുതന്നെ

മാതൃകയാകുന്ന പദ്ധതിയായി മാറുമെന്ന് പ്രതിനിധികൾ ആത്മവിശ്വാസം പ്രകടിപ്പിച്ചു. പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾക്ക് കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിക്കണം. ഇതര സംസ്ഥാനങ്ങളിലെ പ്രവാസികൾ അവരുടെ ഭൗതികസാഹചര്യം ക്രമേണ മെച്ചപ്പെടുത്തുമ്പോൾ ഗൾഫ് പ്രവാസത്തിന്റെ അന്ത്യം രോഗപീഢകളും സാമ്പത്തിക പ്രതിസന്ധിയുമാണ്. തിരികെയെത്തുന്ന പ്രവാസികളെ ബിപിഎൽ പട്ടികയിൽ ഉൾപ്പെടുത്തണന്ന നിർദേശവും ചർച്ചയിൽ ഉണ്ടായി.

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടോം ജോസ് ഐ.എ.എസ് വിഷയാവതരണം നടത്തി. ദശാബ്ദങ്ങളോളം നീണ്ട തന്റെ പ്രവാസ ജീവിതകാലത്തെ ഒരു നാഴികക്കല്ലായി ലോക കേരള സഭയെ കാണുന്നുവെന്ന് ചടങ്ങിൽ സന്നിഹിതനായിരുന്ന പാറയ്ക്കൽ അബ്ദുള്ള എം.എൽ.എ അഭിപ്രായപ്പെട്ടു.

തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ടി.പി രാമകൃഷ്ണൻ, എം.പിമാരായ എ. സമ്പത്ത്, എം.കെ. രാഘവൻ, ടി.വി. രാജേഷ് എം.എൽ.എ മാരായ കെ.വി. അബ്ദുൾഖാദർ, പാറയ്ക്കൽ അബ്ദുള്ള എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി.

## പ്രവാസികളുടെ സമ്പാദ്യം നാടിന്റെ സൗഭാഗ്യം

പ്രവാസികളുടെ സമ്പാദ്യത്തെ നാടിന്റെ സൗഭാഗ്യമാക്കി മാറ്റാം എന്ന വിഷയം ലോക കേരള സഭയിൽ ചർച്ചയ്ക്കുവന്നപ്പോൾ അംഗങ്ങൾ ഉയർത്തിയത് സവിശേഷമായ നിക്ഷേപ ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യം. ന്യായമായ ലാഭം നൽകുന്ന ഇൻഷുറൻസ് പോളിസികൾ, പെൻഷൻ പദ്ധതികൾ, മെഡിക്ലെയിം പോളിസികൾ തുടങ്ങിയ സർക്കാർ തന്നെ ആരംഭിക്കണം എന്നായിരുന്നു അംഗങ്ങളുടെ ആവശ്യം. നിലവിൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പെൻഷനുമായി ബന്ധിപ്പിച്ച ചിട്ടി കെ.എസ്.എഫ്.ഇ പുറത്തിറക്കുന്നത് ധനകാര്യമന്ത്രി വിശദീകരിച്ചു. പ്രവാസികൾ എല്ലാവരും സമ്പാദിക്കുന്ന കാര്യം മന്ത്രി ഓർമിപ്പിച്ചു. ഈ സമ്പാദ്യം പലയിടങ്ങളിലായി നിക്ഷേപിക്കുന്നു. ഇതിന്റെ ഒരു പങ്ക് കെ.എസ്.എഫ്.ഇ ചിട്ടിയിൽ ഇടാൻ വേണ്ടതാണ്. സർക്കാർ സ്ഥാപനമായതുകൊണ്ട് നഷ്ടസാധ്യത ഇല്ല. ഓൺലൈനായി ചേരാം. ചിട്ടിലേലവും ഓൺലൈനിൽ തന്നെ. ഇന്ത്യയിലെ ബാങ്ക് അക്കൗണ്ടിൽ പണമുണ്ടെങ്കിൽ ബാങ്ക് ട്രാൻസ്ഫറിലൂടെ തവണ അടയ്ക്കാം - മന്ത്രി വ്യക്തമാക്കി.

## മറീനയും നജീബും മനസുതുറന്നു<br>സഭ നിശബ്ദമായി

ലോക കേരള സഭയിലെ ഒരംഗത്തെ പ്രസംഗിക്കാൻ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ക്ഷണിച്ചപ്പോൾ പറഞ്ഞത് ഈ സഭയിലെ ഏറ്റവും സവിശേഷമായ ഒരു സാന്നിദ്ധ്യമാണ് ഇനി സംസാരിക്കുന്നത് എന്നാണ്. സദസ് ഒന്നടങ്കം പോഡിയത്തിലേക്ക് കണ്ണുനട്ടു. കൂപ്പുകൈകളുമായി മൈക്കിനു മുന്നിലേക്ക് ആടുജീവിതത്തിലെ നജീബ് എത്തിയപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾക്കായി സഭ കാതുകൂർപ്പിച്ചു.ഏതാനും മിനിറ്റുകൾ നീണ്ട ഈ സഭയിലെ ഏറ്റും ഹ്രസ്വമായ പ്രസംഗം.പക്ഷേ ഈ സഭയിൽ ഏറ്റവും കൂടുതൽ കയ്യടി ലഭിച്ചതും ആ പ്രസംഗത്തിനുതന്നെ. ലോക കേരളസഭയിൽ തന്നെപ്പോലെ ഒരാൾക്ക് അംഗമാകാൻ കഴിഞ്ഞത് അവശത അനുഭവിക്കുന്ന പതിനായിരങ്ങൾക്ക് നൽകുന്ന ആശ്വാസവും പ്രതീക്ഷയും വളരെ വലുതാണ് എന്ന് നജീബ് പറഞ്ഞപ്പോൾ ഉയർന്ന നിലയ്ക്കാത്ത കയ്യടി ഈ സഭയുടെ പൊതുവികാരം പ്രതിഫലിപ്പിക്കുന്നതായി. ഇറാക്കിലെ ഭീകരരുടെ പിടിയിൽ നിന്ന് രക്ഷപെട്ട് നാട്ടിലെത്തിയ നേഴ്സ് മറീന സഭയിൽ സംസാരിച്ചപ്പോഴും അംഗങ്ങൾ ശ്രദ്ധയോടെ കേട്ടിരുന്നു. നേഴ്സുമാർ തൊഴിലിടങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ വിവരിച്ച അവർ ഇതിനുപരിഹാരം തേടാൻ സഭയുടെ പിന്തുണ അഭ്യർത്ഥിച്ചു. വിദേശ രാജ്യങ്ങളിലെ എംബസി ഉദ്യോഗസ്ഥർ അറുമാസം

കൂടുമ്പോഴെങ്കിലും നഴ്സുമാരുടെ പ്രശ്നങ്ങൾ മനസിലാക്കാൻ സമയം കണ്ടെത്തണം എന്നും മെറീന പറഞ്ഞു. കേരളത്തെ വെഡ്ഡിങ് ഡെസ്റ്റിനേഷൻ ആക്കി ടൂറിസത്തിന്റെ ഭാഗമാക്കണം, സഭയിലെ സ്ത്രീ പ്രാതിനിധ്യം കൂട്ടണം, മുംബൈ യൂണിവേഴ്സിറ്റിയിൽ മലയാളം ചെയർ തുടങ്ങണം, പ്രവാസികളുടെ പുനരധിവാസ പദ്ധതികളോട് മുഖം തിരിക്കുന്ന ബാങ്കുകളുടെ പ്രവണത തടയണം തുടങ്ങിയ വിവിധ വിഷയങ്ങളും സഭയിൽ ഉന്നയിക്കപ്പെട്ടു.

## വിദേശ വിനോദസഞ്ചാരികളുടെ<br>വരവ് ഇരട്ടിയാക്കുക ലക്ഷ്യം; കേരള ബാങ്ക് ഈവർഷംതന്നെ

കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുകയാണ് സർക്കാരിൻെ ലക്ഷ്യമെന്ന് സഹകരണ-ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ. ലോകകേരള സഭയുടെ ഭാഗമായി നടന്ന സഹകരണവും ടൂറിസവും ഉപസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനത്തിന്റെ വർധനയും അതിലൂടെ ഒരു ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ലക്ഷ്യം.

കേരളം ദൈവത്തിന്റെ സ്വന്തം നാട്, ആയുർവേദം തുടങ്ങിയവയ്ക്ക് പുറമേ മൂന്ന് പുതിയ മേഖലകൾകൂടി ഇതിനായി കണ്ടെത്തിക്കഴിഞ്ഞു. സാഹസിക ടൂറിസം, ഉത്തരമലബാറിന്റെ സാധ്യതകൾ മുതലാക്കുന്ന ഉത്തരമലബാർ ടൂറിസം, പൈതൃക ടൂറിസം എന്നീ മേഖലകളിലാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽ മലബാർ ടൂറിസം പദ്ധതിയിൽ 600 കോടിയുടെ മുതൽ മുടക്കാണ് സർക്കാർ നടത്തുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഉത്തരമലബാറിലെ ഏഴ് നദികളെ കേന്ദ്രീകരിച്ചുള്ള റിവർ ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രവാസികളിൽനിന്നും നിക്ഷേപവും സഹകരണവും പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

നിർദ്ദിഷ്ട കേരള ബാങ്കിൽ ഒന്നരലക്ഷം കോടിയുടെ എൻആർഐ നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. രാജ്യത്തിലെ സഹകരണ നിക്ഷേപങ്ങളിൽ 60 ശതമാനവും ഇപ്പോൾ കേരളത്തിലാണ്. എന്നാൽ കേരളത്തിലെ സഹകരണ നിക്ഷേപത്തിൽ എൻആർഐ നിക്ഷേപമില്ലെന്ന ദുരവസ്ഥയുള്ളതായി അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള ബാങ്ക് രൂപീകൃതമാകുമ്പോൾ എൻആർഐ നിക്ഷേപത്തിനും അവസരമാകും. രണ്ടാം ഘട്ടത്തിൽ ബാങ്കിന്റെ ബ്രാഞ്ചുകൾ വിദേശ രാജ്യങ്ങളിൽ ആരംഭിക്കും. പ്രവാസികൾക്കായി പ്രവാസിക്ഷേമ സഹകരണ സംഘം രൂപീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

കേരള ബാങ്ക് ഈ കലണ്ടർവർഷം തന്നെ ആരംഭിക്കുമെന്ന് പ്രവാസി സംഘടനാ പ്രതിനിധികൾക്ക് മന്ത്രിയുടെ അനുമതിയോടെ സെക്രട്ടറി പി. വേണുഗോപാൽ ഉറപ്പു നൽകി. റിസർവ് ബാങ്കിന്റെ അനുമതി താമസിയാതെ ലഭിക്കും. ഷെഡ്യൂൾ ബാങ്കിനുള്ള ലൈസൻസ് ഇപ്പോൾതന്നെ കൈവശമുള്ളതിനാൽ മറ്റ് ബുദ്ധിമുട്ടുകളുണ്ടാവില്ല. പ്രവർത്തനം ആരംഭിക്കുന്നതോടെ ശാഖകളുടെ കാര്യത്തിൽ എസ്ബിഐ കഴിഞ്ഞാൽ രണ്ടാമത്തെ വലിയ ബാങ്കായി കേരള ബാങ്ക് മാറുമെന്നും സെക്രട്ടറി ചൂണ്ടിക്കാട്ടി.

ടൂറിസം മേഖലയിൽ വൻകിട ഹോട്ടൽ പദ്ധതികൾക്കൊപ്പം ഹോംസ്റ്റേകൾക്കും പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് ചർച്ചയിൽ പങ്കെടുത്ത പ്രവാസി പ്രതിനിധികൾ ചൂണ്ടിക്കാട്ടി. അമേരിക്കയിൽ ജോലിയെടുക്കുന്ന പലർക്കും നാട്ടിൽ സ്വന്തം വീടില്ല. അങ്ങനെയുള്ളവർക്ക് നാട്ടിൽ വരുമ്പോൾ താമസത്തിനായി ഇത്തരം ഹോംസ്റ്റേകൾ ഉപകരിക്കപ്പെടുമെന്നും ടൂറിസം വകുപ്പ് ഇതിന് മുൻകൈയെടുക്കണമെന്നും ചിലർ ആവശ്യപ്പെട്ടു. നാട്ടിലെ വീട് പൂട്ടിയുന്ന വിദേശികളുണ്ട്. അവരുടെ വീട് ഹോംസ്റ്റേയ്ക്കായി ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി.

ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾക്കും കേരളബാങ്കിനും പ്രതിനിധികൾ ഒരേപോലെ സഹായം വാഗ്ദാനം ചെയ്തു. ശ്രീമതി ടീച്ചർ എംപി, എം.എൽഎമാരായ അഡ്വ. എം ഷംസുദ്ദീൻ, പി വി അൻവർ, ഡോ. വി. വേണു ഐഎഎസ് എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

## പാർട് 4

### പ്രവാസപ്രശ്നങ്ങൾ: നേരനുഭവങ്ങൾ പങ്കുവച്ച് ഉപസമ്മേളനം

### പരിഹാര നിർദേശങ്ങൾ ഒട്ടേറെ

പ്രവാസി ദുരിതങ്ങളുടെ നേരനുഭവങ്ങൾ പങ്കുവച്ച് ലോകകേരള സഭയുടെ ഉപസമ്മേളനം. പ്രവാസികളുടെ പ്രശ്നങ്ങൾ - പ്രവാസത്തിന് മുമ്പും പ്രവാസത്തിലും എന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി ജലീലിന്റെ അധ്യക്ഷതയിൽ നടന്ന ചർച്ചയിലാണ് മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചയും പരിഹാര നിർദ്ദേശങ്ങളും ഉയർന്നുവന്നത്.

അഞ്ഞൂറും അറുനൂറും റിയാലിന് വേണ്ടി ക്രൂരമായ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയാവുന്ന ഖദ്ദാമമാരുടെ കഷ്ടപ്പാടുകൾ മുതൽ പ്രവാസത്തിലിരിക്കെ മരണപ്പെട്ട് ആശുപത്രി ബില്ല് അടയ്ക്കാൻ വഴിയില്ലാതെ മൃതദേഹം വിട്ടുകിട്ടുന്നതിനായി മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന ഉറ്റവരുടെയും ഉടയവരുടെയും നിസ്സഹായത വരെ അവതരിപ്പിച്ചപ്പോൾ പലരുടെയും കണ്ണ്മിടറി. നാട്ടിൽ വീട്ടുജോലിക്കാരെ കിട്ടാത്ത ഇക്കാലത്ത് പതിനായിരമോ പതിനയ്യായിരമോ രൂപയ്ക്കായി സൗദിയിലേക്ക് വീട്ടുജോലിക്കുപോവുന്ന മലയാളി സ്ത്രീകൾ ഇക്കാര്യത്തിൽ ഒരു പുനരാലോചനയ്ക്ക് തയ്യാറാകണമെന്ന് സൗദിയിൽ നിന്നുള്ള അഹ്മദ് കൂരാച്ചുണ്ട് അഭിപ്രായപ്പെട്ടു. പല രാജ്യങ്ങളിലും ശക്തമായ തൊഴിൽ നിയമങ്ങളുണ്ടെങ്കിലും അതേക്കുറിച്ചുള്ള അജ്ഞത മൂലം പ്രവാസികൾക്ക് അവയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വിസ പ്രകാരം വാഗ്ദാനം ചെയ്യപ്പെട്ട ജോലിയും ശമ്പളവും ലഭിക്കാതെ വഞ്ചിക്കപ്പെടുന്ന കേസുകൾ ധാരാളമാണെന്നും ഇക്കാര്യത്തിൽ പുതുതായി ജോലിക്കുപോവുന്നവർക്ക് കൃത്യമായ മാർഗനിർദേശങ്ങൾ നൽകാൻ സർക്കാരിന് കീഴിൽ സംവിധാനം വേണമെന്നും നിർദ്ദേശമുണ്ടായി.

വീട്ടുജോലിക്ക് പോകുന്നവർക്ക് യാത്രതിരിക്കുന്നതിന് മുമ്പ് ജോലിയുടെ സ്വഭാവം, നേരിടാൻ സാധ്യതയുള്ള പ്രശ്നങ്ങൾ, നേരിടാനുള്ള വഴികൾ, ആവശ്യമായ പരിശീലനങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ഓറിയന്റേഷൻ നൽകാൻ നോർക്കയ്ക്കു കീഴിൽ സംവിധാനം വേണമെന്ന് മുൻ കേന്ദ്രമന്ത്രി ഇ അഹമ്മദിന്റെ മകൻ കൂടിയായ അഹ്മദ് റയീസ് പറഞ്ഞു. ആശുപത്രികളിൽ മരിച്ച കേസുകളിൽ ചികിൽസാ ചെലവ് നൽകാൻ കമ്പനികൾ തയ്യാറാവാതിരിക്കുകയും ബന്ധുക്കൾക്ക് അതിന് ശേഷിയില്ലാതിരിക്കുകയും ചെയ്യുന്നതു മൂലം മൃതദേഹം വിട്ടുകിട്ടാൻ കാലതാമസം നേരിടുന്ന സംഭവങ്ങൾ നിരവധിയാണ്. ഇത്തരം കേസുകളിൽ ചെലവ് വഹിക്കാൻ സർക്കാരിന്റെ സംവിധാനങ്ങളുണ്ടാവണം. ഇവ പരിഹരിക്കാനുതകുന്ന ഇൻഷൂറൻസ് സംവിധാനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ആയുർവേദ മരുന്നുകൾ കൈവശം വച്ചതിന് മയക്കുമരുന്ന് നിയമങ്ങളിൽ കുടുങ്ങി വിദേശരാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്നവരും വൻതുക പിഴയൊടുക്കേണ്ടിവരുന്നവരും ഏറെയാണെന്ന് ന്യൂസിലാന്റിൽ നിന്നുള്ള ഡോ. ജോർജ് അബ്രഹാം ചൂണ്ടിക്കാട്ടി. കേരളത്തിന്റെ അഭിമാനമായ ആയുർവേദ മരുന്നുകൾക്ക് ഇവിടങ്ങളിൽ അംഗീകാരം നേടിയെടുക്കാൻ ഫലപ്രദമായ നടപടി വേണമെന്നും അദ്ദേഹം പറഞ്ഞു. യാത്രയ്ക്കിടെ മറ്റുള്ളവർ നൽകുന്ന പൊതികൾ സ്വീകരിച്ച് മയക്കുമരുന്നുകേസുകളിൽ പെടുന്ന പ്രവാസികൾ ഏറെയാണ്. ഇക്കാര്യത്തിൽ ശക്തമായ ബോധവൽക്കരണം നൽകാൻ കേരളത്തിലെയും മംഗലാപുരത്തെയും വിമാനത്താവളങ്ങളിൽ പ്രവാസി ഹെൽപ്പ് ഡെസ്ക് തുടങ്ങണമെന്നും നിർദേശമുണ്ടായി.

ചെക്ക് കേസിൽ സമ്പാദ്യം മുഴുവൻ വിറ്റ് തുകയടച്ചിട്ടും ബാക്കി എത്ര കേസുകളുണ്ടെന്ന് പോലുമറിയാതെ ജയിലുകളിൽ കഴിയുന്ന പ്രവാസികളുണ്ട്. ഇവരുൾപ്പെടെയു

ള്ള പ്രവാസികൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിന സംവിധാനം വേണമെന്ന് ഖത്ത റിൽ നിന്നുള്ള പി.എൻ ബാബുരാജൻ പറഞ്ഞു. കോൺസുലാർ സേവനങ്ങൾക്ക് ഈടാ ക്കുന്ന തുകയ്ക്ക് പുറമെ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ടിലേക്ക് രണ്ട് ഡോളർ വീതം ഖത്തർ പോലെയുള്ള സ്ഥലങ്ങളിൽ പ്രവാസികളിൽ നിന്ന് ഈടാക്കുന്നുണ്ടെങ്കിലും അധികൃതരുടെ ഭാഗത്തുനിന്ന് ക്ഷേമപ്രവർത്തനങ്ങളിൽ വലിയ ഇടപെടൽ ഉണ്ടാവുന്നി ല്ലെന്നും അദ്ദേഹം പറഞ്ഞു. ഈ ഫണ്ടിൽ നിന്ന് പ്രവാസികളുടെ ചികിൽസയ്ക്ക് തുക അനുവദിക്കാൻ സംവിധാനം വേണമെന്നും നിർദേശമുയർന്നു.

മലയാളികളുടെ പ്രവാസത്തിന് പഴക്കമേറെയുണ്ടെങ്കിലും അതേക്കുറിച്ച് ഗൗരവ ത്തിൽ പഠനം നടത്താൻ ഇതുവരെ ശ്രമങ്ങളുണ്ടായിട്ടില്ലെന്ന് ലോക കേരള സഭയുമാ യുടെ ഭാഗമായി നടന്ന ഉപചർച്ചയിൽ വിമർശനമുയർന്നു. പ്രവാസത്തിന്റെ സാധ്യതകൾ, സവിശേഷതകൾ, പ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച പഠനങ്ങൾക്കും ഗവേഷണങ്ങൾ ക്കുമായി പ്രത്യേക ഇന്റർനാഷനൽ മൈഗ്രേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമാണെന്ന് ചർച്ച യിൽ നിർദേശമുണ്ടായി.

ലോക കേരള സഭയിലെ അംഗങ്ങൾക്ക് പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് സംവിധാനം വേണമെന്ന് ഗുജറാത്തിൽ നിന്നുള്ള പ്രതിനിധി ഡോ. പ്രമോദ് പണിക്കർ ആവശ്യപ്പെട്ടു. ചർച്ചയിൽ എം.എൽ.എമാരായ വി അബ്ദുറഹിമാൻ, പാറക്കൽ അബ്ദുല്ല, സാംസ്കാരിക വകുപ്പ് സെ ക്രട്ടറി റാണി ജോർജ്, ഡോ. വി വേണു തുടങ്ങിയവർ ചർച്ചയ്ക്ക് നേതൃത്വം നൽകി.

### പഠനത്തിന് വിദേശത്ത് പോകുന്നവർക്ക് ഗൈഡൻസ് സെന്റർ വേണം

വിദേശത്ത് ഉപരിപഠനത്തിന് പോകുന്നവർ ചതിക്കുഴികളിൽ പെടാതിരിക്കാൻ ആ വശ്യമായ മാർഗ നിർദേശം നൽകുന്നതിന് നോർക്കയുടെ കീഴിൽ സംവിധാനം വേണമെ ന്ന് ലോക കേരള സഭയുടെ ഭാഗമായി നടന്ന ചർച്ചയിൽ ആവശ്യമുയർന്നു. പല മികച്ച വിദ്യാർഥികൾക്കും ഫീസ് നൽകാതെ സ്കോളർഷിപ്പും പാർട് ടൈം ജോലിയും സഹി തം ഉന്നത പഠനത്തിന് വിദേശസർവകലാശാലകളിൽ അവസരമുണ്ടെങ്കിലും ഇത് പലർ ക്കുമറിയില്ല. വിദേശരാജ്യങ്ങളിൽ ലഭ്യമായ മികച്ച പഠനാവസരങ്ങളെക്കുറിച്ച് വിദ്യാർഥി കൾക്ക് അറിവ് നൽകാൻ ഗൈഡൻസ് സെന്റർ സംവിധാനം സഹായകമാവും.

യൂറോപ്യൻ-അമേരിക്കൻ രാജ്യങ്ങളിൽ ഉപരിപഠനത്തിന് പോകുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. വിദ്യാർഥികളെ കോളേജുകളിലെത്തിച്ച് കമ്മീഷൻ വാങ്ങുകയെന്ന ലക്ഷ്യത്തോടെയാണ് കാനഡയിലും മറ്റുമുള്ള പല ഏജൻസികളും പ്രവർത്തിക്കുന്നത്. ഇതുമൂലം വിദൂര പ്രദേശങ്ങളിൽ ദുസ്സഹമായ സാഹചര്യങ്ങളിൽ ജീവിക്കേണ്ട സാഹച ര്യമാണ് വിദ്യാർഥികൾ നേരിടേണ്ടിവരുന്നത്. ഇത് പരിഹരിക്കാൻ ഔദ്യോഗിക തല ത്തിൽ സംവിധാനം വേണം. വിദേശ യൂനിവേഴ്സിറ്റികൾ കേരളത്തിലെ സർവകലാശാല കളിലേക്ക് വെരിഫിക്കേഷന് അയക്കുന്ന സർട്ടിഫിക്കറ്റുകളിൽ കാലതാമസമില്ലാതെ മറുപടി നൽകണം.

കേരളത്തിൽ നിന്നുള്ള മികച്ച ഉദ്യോഗാർഥികളിൽ പലരും തൊഴിൽ മേഖലകളിൽ നിന്ന് പിന്തള്ളപ്പെടുന്നതിന് കാരണം ഇംഗ്ലീഷിലുള്ള ആശയ വിനിമയത്തിലെ പരിമിതിയാണ്. ഇത് പരിഹരിക്കുന്നതിനും വിദേശ തൊഴിൽ മേഖലയ്ക്കനുയോജ്യമായ നൈപുണ്യം വിദ്യാർഥികളിൽ വളർത്തിയെടുക്കുന്നതിനും സ്കൂൾ തലത്തിൽ പദ്ധതികൾ വേണം. വിദേശ രാജ്യങ്ങളിൽ പി.എസ്.സി, കെ.എ.എസ് പോലുള്ള മൽസര പരീക്ഷകൾക്ക് കേന്ദ്രങ്ങൾ അനുവദിക്കുന്നത് പ്രവാസികൾക്ക് ഗുണകരമാവുമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു. പഞ്ചാബ് ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് വിദേശ രാജ്യങ്ങളിലെ ഉപരിപഠനവുമായി ബന്ധപ്പെട്ട് നടക്കുന്ന വിസാ തട്ടിപ്പിനെതിരേ ജാഗ്രത പാലിക്കണമെന്നും ചർച്ചയിൽ

നിർദ്ദേശമുയർന്നു.

## നൂതനാശയങ്ങളുടെ ലോകം തുറന്ന് ശാസ്ത്രജ്ഞർക്കൊപ്പം

ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായവും റോബോട്ടിക്സും ഗണിതശാസ്ത്ര ചരിത്രവും ജീവജാലങ്ങളുടെ സംരക്ഷണവും സജീവമായി ചർച്ച ചെയ്യപ്പെട്ട വേദിയായിരുന്നു സംസ്ഥാന യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി കോളേജിൽ നടത്തിയ ശാസ്ത്രജ്ഞർക്കൊപ്പം എന്ന ഓപൺ ഫോറം.

ഇന്ത്യയ്ക്കകത്തും പുറത്തും ശാസ്ത്ര ഗവേഷണ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രൊഫ. ജോർജ് ഗീവർഗീസ് ജോസഫ്, പ്രൊഫ. എ.എം. മത്തായി, പ്രൊഫ. പ്രദീപ് തലാപ്പിൽ, പ്രൊഫ. സത്യഭാമാദാസ് ബിജു, പ്രൊഫ. പ്രഹ്ലാദ് വടക്കേപ്പാട്ട് എന്നീ പ്രഗത്ഭരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ളഅവസരമൊരുക്കി ഓപൺ ഫോറം.

റോബോട്ടിക്സിന്റെ അനന്ത സാധ്യതകളെക്കുറിച്ചും നവീനാശയങ്ങളിലൂന്നിയുള്ള സംരംഭങ്ങളെക്കുറിച്ചും റോബോട്ടിക്സ് , ഹ്യൂമനോയിഡ്സ്, ബയോമോർഫിക് റോബോട്ട്സ് തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധനായ പ്രൊഫ പ്രഹ്ളാദ് വടക്കേപ്പാട്ട് സംസാരിച്ചു. ഫെഡെറേഷൻ ഓഫ് ഇന്റർനാഷണൽ റോബോട്ട്- സോക്കർ അസോസിയേഷന്റെ (ഫിറ) സ്ഥാപകനും ജനറൽ സെക്രട്ടറിയുമായ അദ്ദേഹം സിംഗപൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ അധ്യാപകനുമാണ്. ഗുരുകുല സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം കൂടുതൽ ഗുണംചെയ്യുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. റോബോട്ടിക്സ് മേഖല ഒരേ സമയം ഗുണപ്രദവും വിവാദങ്ങളുണ്ടാക്കുന്നതുമാണെന്ന് അദ്ദേഹം വിദ്യാർത്ഥികളുടെ ചോദ്യത്തിനുത്തരമായി പറഞ്ഞു. ഈ മേഖല വികസിക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുമോ എന്ന ആശങ്ക വലുതാണ്. എന്നാൽ ജോലി ചെയ്യാനാണോ മനുഷ്യൻ എന്നത് ഒരു മറുചോദ്യമാണ്. ഭിന്നശേഷിക്കാരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും ഉപയോഗത്തിനുതകുന്ന അനേകം മാറ്റങ്ങൾ റോബോട്ടിക്സ് എന്ന മേഖലയിലെ ഗവേഷണഫലമായി വന്നിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് മനുഷ്യകുലത്തിന് ഭീഷണിയാവുമെന്ന് കരുതുന്നില്ലെന്നും പ്രഹ്ളാദ് വടക്കേപ്പാട്ട് പറഞ്ഞു.

50 മുതൽ 60 ശതമാനം വരെയുള്ള ജീവജാലങ്ങൾ ഭൂമുഖത്തു നിന്ന് അപ്രത്യക്ഷമാവുന്നുമെന്ന് ഡെൽഹി സർവകലാശാല പരിസ്ഥിതിപഠനവിഭാഗത്തിലെ സിസ്റ്റമാറ്റിക് ലാബ് മേധാവിയായ പ്രൊഫ സത്യഭാമ ദാസ് ബിജു പറഞ്ഞു. 1.7 ദശലക്ഷം വർഗം ജീവികളെയാണ് ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളത്. യഥാർത്ഥത്തിലുള്ള ജീവിവർഗങ്ങളുടെ എണ്ണം ഇതിലെത്രയോ മടങ്ങാണ്. വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ സംരക്ഷണത്തിനായി പ്രദേശങ്ങൾ തിരിച്ച് മാപ് തയ്യാറാക്കുമെന്നും ഇത് ഗൂഗിളുമായി കൂട്ടിച്ചേർക്കാൻ പദ്ധതിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. മത്സ്യം, ഉഭയജീവികൾ തുടങ്ങിയവയുടെ ഡാറ്റാബേസ് തയ്യാറാക്കി പൊതുജനത്തിന് നല്കുവാനും പദ്ധതിയുണ്ട്. വംശനാശം സംഭവിച്ച ജീവികളെ പുനരുജ്ജീവിപ്പിക്കാനുള്ള ഗവേഷണങ്ങൾ നടക്കുന്നുണ്ട്. എന്നാൽ പ്രകൃത്യാലുള്ള കാരണങ്ങളാൽ വംശനാശം സംഭവിച്ചവയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ആവശ്യകത തനിക്ക് ബോധ്യപ്പെട്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ഉഭയജീവികളുടെ സംരക്ഷണത്തിൽ ഗവേഷണം നടത്തിയിട്ടുള്ള പ്രൊഫ സത്യഭാമ ദാസ് ബിജു യൂണിവേഴ്സിറ്റി കോളേജ് പൂർവവിദ്യാർത്ഥിയാണ്.

കഴിഞ്ഞ 200 വർഷം കൊണ്ട് എട്ട് ദശലക്ഷം രാസവസ്തുക്കളാണ് മനുഷ്യൻ നിർമിച്ചത്. എന്നാൽ അടുത്ത 10 വർഷം കൊണ്ട് ഇതിലധികം രാസവസ്തുക്കളുണ്ടാക്കും. അത്രയും വ്യാപകമായാണ് രസതന്ത്രമേഖലയിൽ ഗവേഷണങ്ങൾ നടക്കുന്നതെന്ന് മോളിക്യുലർ കെമിസ്ട്രി, നാനോസ്കെയിൽ മെറ്റീരിയൽസ്, നാനോസയൻസ് & നാനോടെക്നോളജി എന്നിവയിൽ വിദഗ്ധനായ പ്രൊഫ പ്രദീപ് തലാപ്പിൽ പറഞ്ഞു. മദ്രാസ് ഐഐടിയിലെ രസതന്ത്രവിഭാഗം അദ്ധ്യാപകനായ അ്ദ്ദേഹം താൻ വികസിപ്പി

ച്ചെടുത്ത വെള്ളം ശുദ്ധീകരിക്കുന്ന സാങ്കേതിക രീതിയെക്കുറിച്ച് സംസാരിച്ചു. എട്ട് ദശലക്ഷം ആളുകൾക്കാണ് ഈ മാർഗം ഉപയോഗിച്ച് ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നത്. ലോകമെമ്പാടുമുള്ള രസതന്ത്രലാബുകളിൽ വിപ്ളവകരമായ പല ഗവേഷ ണങ്ങളും നടക്കുന്നുണ്ട്. ലാബുകളിലാണ് അടുത്ത വ്യവസായ വിപ്ളവം നടക്കാനിരിക്കു ന്നതെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥികൾക്ക് ഗണിതശാസത്രത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താനാവ ശ്യമായ പരിശീലനം നല്കണമെന്ന് സംസ്ഥാനത്തെ സെന്റർ ഫോർ മാത്തമറ്റിക്കൽ ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ എ എം മത്തായി പറഞ്ഞു. സെന്ററിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും ഗവേഷണ കുതുകികൾക്കും നല്കിയി രുന്ന പരിശീലനം ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ഇപ്പോൾ തുടരാനാവുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. താത്പര്യമുള്ളവർക്ക് കോഴ്സുകൾ സൗജന്യമായി പഠിക്കാനുള്ള സാഹചര്യം വേണം. ഇന്ത്യൻ മാത്തമറ്റിക്കൽ സൊസൈറ്റി പ്രസിഡണ്ടും സംസ്ഥാന സ്റ്റാറ്റിസ്റ്റികൽ കമ്മീഷൻ ചെയർമാനുമായ എം എ മത്തായി കാനഡ മക്ഗിൽ സർവക ലാശാല അധ്യാപകനാണ്.

ഗണിതശാസ്ത്രത്തോടുള്ള ഭയം ലോകമെമ്പാടുമുള്ളവരിലുണ്ടെന്ന് ഗണിതചരിത്രത്തിൽ അഗ്രഗണ്യനായ പ്രൊഫ ജോർജ് ഗീവർഗീസ് ജോസഫ് പറഞ്ഞു. മനുഷ്യമുഖങ്ങളില്ലാത്ത ഗണിതപുസ്തകങ്ങളും ഈ വിഷയത്തെ ആളുകളിൽ നിന്നക റ്റുന്നു. ഗണിതശാസ്ത്രം കൂടുതൽ മാനവിക സ്പർശമുള്ളതാക്കണം. 14 മുതൽ 16 വരെ നൂറ്റാണ്ടുകളിൽ കേരളത്തിലുണ്ടായ ഗണിതശാസ്ത്ര വികസനം തുടരാൻ നമുക്കായില്ല. മാധവൻ, പരമേശ്വരൻ, ദാമോദരൻ, നീലകണ്ഠൻ, ശങ്കരവാര്യർ തുടങ്ങി ഗണിതശാസ്ത്ര വിദഗ്ദ്ധർ അക്കാലത്തുണ്ടായിരുന്നു. കേരളത്തിന്റെ ഈ സംഭാവനകൾ ഇപ്പോൾ അന്താ രാഷ്ട്ര സമൂഹം അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്, കേരളത്തിന്റെ ഗണിതശാസ്ത്ര സംഭാവ നകളെക്കുറിച്ച് പാസേജ് ടു ഇൻഫിനിറ്റി എന്ന പുസ്തകമെഴുതിയ ഗീവർഗീസ് ജോസഫ് പറഞ്ഞു.

ഗണിത ചരിത്രത്തിൽ കപടവാദങ്ങൾ കടന്നു വരുന്നത് തടയാൻ ശാസ്ത്ര-യുക്തി ചിന്ത വളർത്തണമെന്നും അദ്ദേഹം ചോദ്യത്തിന് മറുപടിയായി പറഞ്ഞു. എതു തത്വത്തിന്റെയും അറിവിന്റെയും വസ്തുതാന്വേഷണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

മാഞ്ചസ്റ്റർ സർവകലാശാലയിലെ സ്കൂൾ ഓഫ് എഡ്യുക്കേഷനിലെയും കാനഡയിലെ മക് മാസ്റ്റർ സർവകലാശാലയിലെയും അധ്യാപകനാണ് ഗീവർഗീസ് ജോസഫ്.

യോഗത്തിൽ മാധ്യമപ്രവർത്തകൻ വെങ്കിടേഷ് രാമകൃഷ്ണൻ മോഡറേറ്ററായി രുന്നു. സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം അദ്ധ്യക്ഷത വ ഹിച്ചു. യൂണിവേഴ്സിറ്റി കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ജി. സന്തോഷ്കുമാർ, സംസ്ഥാന യുവജനകമ്മീഷൻ സെക്രട്ടറി ജോക്കോസ് പണിക്കർ തുടങ്ങിയവർ സംസാരിച്ചു.

## വിദ്യാഭ്യാസ നവീകരണത്തിന് പൂർണപിന്തുണ പ്രഖ്യാപിച്ച് വിദ്യാഭ്യാസ ഉപസമ്മേളനം

വിദ്യാഭ്യാസമേഖലയുടെ നവീകരണത്തിൽ ആവശ്യമായ പിന്തുണയും സഹായ ങ്ങളും പ്രവാസസമൂഹം വാഗ്ദാനം ചെയ്തു. പ്രായോഗികതയിലൂന്നിയ വിദ്യാഭ്യാസ സ മ്പ്രദായം ഉരുത്തിരിയണമെന്ന് ലോക കേരള സഭയുടെ വിദ്യാഭ്യാസ ഉപസമ്മേളനം. പാഠ്യപദ്ധതിക്കുള്ളിൽ തളയ്ക്കപ്പെടാതെ പ്രായോഗികജ്ഞാനവും ഉത്തരവാദിത്തവും വർധിപ്പിക്കാനുതകും വിധമായിരിക്കണം വിദ്യാഭ്യാസം. നൈപുണ്യം ആവശ്യമുള്ള തൊ ഴിൽമേഖലകൾ വർധിക്കുന്ന സാഹചര്യത്തിൽ നൈപുണ്യവികസനത്തിലും പ്രത്യേക പ രിഗണന നൽകണമെന്നും ചർച്ചയിൽ അഭിപ്രായഐക്യമുണ്ടായി. വിദ്യാഭ്യാസമന്ത്രി

പ്രൊഫ: സി. രവീന്ദ്രനാഥിന്റെ അധ്യക്ഷതയിൽ ചേർന്ന ഉപസമ്മേളനത്തിലാണ് വിദ്യാഭ്യാസ മേഖലയിൽ പ്രവാസികളുടെ ആവശ്യങ്ങളും ഗൗരവമുള്ള നിർദേശങ്ങളും ഉയർന്നുവന്നത്.

വിവര വിസ്ഫോടനത്തിന്റെ കാലഘട്ടത്തിൽ പുതിയ തൊഴിലുകൾക്ക് വിദ്യാർഥികളെ സജ്ജമാക്കിയാൽ കൂടുതൽ അവസരങ്ങൾ വിദേശങ്ങളിൽ നേടാൻ പ്രയാസമുണ്ടാകില്ലെന്ന് വിദ്യാഭ്യാസമന്ത്രി അഭിപ്രായപ്പെട്ടു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളും ഉള്ളടക്കത്തിലും സമഗ്ര പരിഷ്കാരങ്ങളാണ് നടത്തിവരുന്നത്.

പുതുകാലത്തിനനുസൃതമായി വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾക്ക് പ്രവാസികൾക്ക് മികച്ച പങ്ക് വഹിക്കാനാകും. സാമ്പത്തികമായ മുതൽമുടക്ക് മാത്രമല്ല, വൈജ്ഞാനികതലത്തിൽ വിദ്യാഭ്യാസ മേഖലയുടെ വളർച്ചക്ക് ഒട്ടേറെ സഹായങ്ങൾക്ക് പ്രവാസികൾക്ക് ശേഷിയുണ്ട്. വരുംതലമുറയുടെ വൈജ്ഞാനിക വളർച്ചയ്ക്ക് വേണ്ടിയുള്ള നിക്ഷേപമാണിത്.

പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാഭ്യാസവകുപ്പിൽ നിന്ന് ചെയ്യാനാവുന്നത് ചെയ്യും. ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾക്കൊണ്ട് ജനകീയവും വിദ്യാർഥി കേന്ദ്രീകൃതവുമായ വിദ്യാഭ്യാസ സമ്പ്രദായം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഗൗരവമുള്ള ഒട്ടേറെ നിർദേശങ്ങൾ ചർച്ചയിൽ ഉയർന്നു. വിപണിയുടെയും തൊഴിൽ സാധ്യതയുടേയും പരിഗണനകൾക്കനുസരിച്ചുള്ള സിലബസ് മാറ്റങ്ങൾ വരണം. കായിക പരിശീലനവും, നീന്തൽ ഉൾപ്പെടെയുള്ളവയും പാഠ്യപദ്ധതിയിൽ വരണം. വ്യക്തി- സാമൂഹ്യ- ആരോഗ്യ വിദ്യാഭ്യാസങ്ങൾ പ്രാഥമിക വിദ്യാഭ്യാസത്തിൽനിന്നേ തുടങ്ങുന്നത് നന്നായിരിക്കും. അറിവ് നേടുന്നതിനൊപ്പം ഉത്തരവാദിത്തവും ആത്മവിശ്വാസവും വളർത്താനുതകുന്ന പരിശീലനമാണ് വേണ്ടത്. കാര്യങ്ങൾ സ്വന്തമായി ചെയ്യാനുള്ള കഴിവ് ഇതിലൂടെ വളരും. തൊഴിൽപരിശീലനവും നൈപുണ്യവും വികസിപ്പിക്കാൻ കഴിയുന്ന പാഠ്യക്രമം സ്കൂളുകളിൽ വരണം.

മുമ്പ് നടപ്പാക്കിവന്ന ഡി.പി.ഇ.പി പോലുള്ള പദ്ധതികൾ ഇത്തരത്തിൽ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ ഉതകുന്നതായിരുന്നുവെന്ന് വിദേശങ്ങളിലെ വിവിധതരം ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി പ്രതിനിധികൾ ഒരേസ്വരത്തിൽ അഭിപ്രായപ്പെട്ടു.

പാഠ്യപദ്ധതിക്കപ്പുറം ഗവേഷണങ്ങളിലൂടെയും പര്യവേക്ഷണങ്ങളിലൂടെയും അനുഭവങ്ങൾ ആർജിക്കുന്ന പഠനസമ്പ്രദായം മിക്ക വിദേശരാജ്യങ്ങളിലുണ്ട്. അത്തരം പഠനശൈലിയിൽ നിന്ന് തിരികെ നാട്ടിലെത്തുമ്പോൾ സിലബസിൽ ഒതുങ്ങിയുള്ള പഠനം കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി പ്രവാസികൾ പറഞ്ഞു.

വികസിത രാജ്യങ്ങളിലേതുപോലെ സാമ്പ്രദായിക വിദ്യാഭ്യാസത്തിനൊപ്പം വിദ്യാർഥികൾക്ക് ഗുണകരമാകുന്ന 'ഗിഫ്റ്റഡ് എഡ്യൂക്കേഷൻ' കൂടി നടപ്പാക്കിയാൽ നന്നാകുമെന്ന് പ്രതിനിധികൾ ചൂണ്ടിക്കാട്ടി. കുട്ടികളിൽ വായനാശീലം വളർത്താൻ അഡ്വാൻസ്ഡ് റീഡിംഗ് സൗകര്യങ്ങൾ ഒരുക്കണം. അഞ്ചുവയസുവരെ സൗജന്യമായി പുസ്തകങ്ങളും കഥാപുസ്തകളും നൽകിയാൽ വായനാശീലം വളരും.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈബ്രറി സമ്പ്രദായം വിപുലീകരിക്കുകയും ഇ-റീഡർ സൗകര്യം വ്യാപിപ്പിക്കുകയും ചെയ്യണം. കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ശക്തമാക്കുകയും ചെയ്യണം. ഓൺലൈൻ എഡ്യൂക്കേഷൻ സൗകര്യം ശക്തമാക്കണം. പഠനവൈകല്യങ്ങളുള്ളവരെ പരിഗണിച്ച് അനുസൃതമായ സംവിധാനം

ഒരുക്കണം. അധ്യാപകർക്കും പരിശീലകർക്കും നിലവാരം ഉറപ്പാക്കാൻ നടപടിയുണ്ടാകണം.

തദ്ദേശീയരായ ഗോത്രവിഭാഗക്കാരുൾപ്പെടെയുള്ളവരെ പൊതുവായ വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് വലിച്ചിഴയ്ക്കുന്നതു അത്തരക്കാരുടെ കൊഴിഞ്ഞുപോക്ക് വർധിക്കുന്നതായി പ്രതിനിധികൾ ചൂണ്ടിക്കാട്ടി. അവരുടെ ചുറ്റുപാടിൽതന്നെ ചുരുങ്ങിയത് പ്രൈമറിതലം വരെയെങ്കിലും പഠിക്കാൻ അവസരമൊരുക്കണം.

കേരളത്തിൽനിന്ന് പഠിച്ചുകഴിഞ്ഞ പല കോഴ്സുകളും വിദേശത്ത് അംഗീകാരം ലഭിക്കാത്ത പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം. വിദേശയൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ തുടങ്ങാൻ കഴിയുമെങ്കിൽ പരിഗണിക്കണം.

ഡിസൈൻ ആൻറ് ടെക്നോളജിയിൽ നിലവാരമുയർത്താൻ യൂണിവേഴ്സിറ്റികൾ വരണം. പ്രവാസികളുടെ മക്കൾക്ക് ഗുണമാകുന്ന രീതിയിൽ നോളജ് സിറ്റികൾ ആരംഭിക്കണം. വിമാനത്താവളങ്ങളോട് സാമീപ്യമുള്ള സ്ഥലങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ വരുന്നത് സൗകര്യമാകും.

ഷാർജയിൽ സുൽത്താൻ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാൻ സൗകര്യമൊരുക്കാമെന്ന് നൽകിയ വാഗ്ദാനം വേഗത്തിൽ നടപ്പാക്കാൻ തുടർനടപടികൾക്ക് മുൻകൈയെടുക്കണം. കേരളത്തിലെ സിലബസിൽ പഠിക്കാനുള്ള സൗകര്യം സലാല പോലെയുള്ള സ്ഥലങ്ങളിൽ ആരംഭിക്കാൻ മുൻകൈയെടുക്കണം.

ഡി.പി.ഇ.പി പോലുള്ള കുട്ടികളുടെ പ്രായോഗിക പരിജ്ഞാനം വർധിപ്പിക്കുന്ന പദ്ധതികൾ പിന്നീട് കേന്ദ്രം തന്നെ അംഗീകരിച്ചതാണെന്ന് ചർച്ചയ്ക്കൊടുവിൽ സി.പി. നാരായണൻ എം.പി പറഞ്ഞു. നൈപുണ്യപരിശീലനം അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡി.പി.ഇ.പി മികച്ച പാഠ്യപദ്ധതിയായിരുന്നെന്ന് പി.സി. ജോർജ് എം.എൽ.എയും പറഞ്ഞു. ഉദ്യോഗസ്ഥതലത്തിൽ വിവിധ പ്രശ്നങ്ങൾ മൂലമുള്ള കാലതാമസം ഒഴിവാക്കാൻ കൂടുതൽ നടപടികൾ വേണമെന്ന് പി.കെ. ബിജു എം.പി പറഞ്ഞു. വിദ്യാർഥികൾക്ക് കേരളത്തിന് പുറത്തുള്ള സർവകലാശാലകളിൽ നിന്നുള്ള ബിരുദങ്ങളുമായി കേരളത്തിലെത്തുമ്പോൾ യൂണിവേഴ്സിറ്റികളിൽ തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് മുഹമ്മദ് മുഹ്സിൻ എം.എൽ.എ അഭിപ്രായപ്പെട്ടു. ഇപ്പോഴുയർന്ന നിർദേശങ്ങൾക്ക് കൃത്യമായ തുടർനടപടികൾ വേണമെന്ന് എം.എൽ.എമാരായ എ. പ്രദീപ്കുമാർ, കെ. രാജൻ എന്നിവർ പറഞ്ഞു.

ചർച്ചയിൽ ഉന്നതവിദ്യാഭ്യാസ സെക്രട്ടറി ഉഷ ടൈറ്റസ്, പൊതുവിദ്യാഭ്യാസ സെക്രട്ടറി എ. ഷാജഹാൻ, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ എം.എസ്. ജയ, 'കൈറ്റ്' എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത്, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## ചെറിയ ലോകത്ത് വലിയ അവസരങ്ങൾ:<br>വ്യവസായ, വിവരസാങ്കേതിക സമ്മേളനം ശ്രദ്ധേയമായി

പ്രവാസി മലയാളികൾക്ക് നിക്ഷേപത്തിന് അനുകൂല അന്തരീക്ഷമാണ് കേരളത്തിൽ ഉള്ളതെന്ന് ലോക കേരള സഭാ ഉപസമ്മേളനം. വ്യവസായ വകുപ്പു മന്ത്രി എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം വ്യവസായം, വിവര സാങ്കേതികം എന്നീ വിഷയങ്ങളാണ് ചർച്ച ചെയ്തത്. പ്രവാസികൾക്ക് കേരളത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്ന നയപരിപാടികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. കേരളത്തിൽ ആരംഭിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തിന്റെ അഞ്ചു ശതമാനം പ്രവാസികൾക്ക് സംവരണം ചെയ്തിട്ടുണ്ട്. നിക്ഷേപക സൗഹൃദ സംസ്ഥാന

മായി കേരളത്തെ മാറ്റുന്നതിനുള്ള വ്യവസായ വാണിജ്യനയങ്ങളാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്. കേരളത്തിൽ പ്രവാസി വ്യവസായ സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ നിയമസഭയിൽ അവതരിപ്പിക്കും- അദ്ദേഹം പറഞ്ഞു.

തുടർന്ന് കേരളത്തിലെ വ്യവസായങ്ങളുടെ സാദ്ധ്യതകൾ വ്യക്തമാക്കുന്ന സംക്ഷിപ്ത റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന അവതരിപ്പിച്ചു. കൊച്ചിയെ അന്താരാഷ്ട്ര നിലവാരമുള്ള തുറമുഖ പട്ടണമായി വികസിപ്പിക്കും. കൊച്ചി കപ്പൽ നിർമ്മാണശാല എട്ട് അന്തർവാഹിനികൾ നിർമ്മിക്കാൻ ശേഷിയുള്ള വിധത്തിൽ 5400 കോടി രൂപ മുതൽ മുടക്കിൽ വികസിപ്പിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് കൂടുതൽ സാദ്ധ്യത തെളിയും. പ്രത്യേക സാമ്പത്തിക മേഖലകളെ ബന്ധിപ്പിച്ച ദേശീയപാതകൾക്ക് അനുബന്ധമായി വ്യവസായ ഇടനാഴികൾ സ്ഥാപിക്കും. ഇതിൽ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണം പ്രരംഭഘട്ടത്തിലാണ്.

ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പാക്കി വരുന്നു. 15 മുതൽ 20 ശതമാനം വരെ സബ്സിഡി ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സർക്കാർ നൽകും. ഐറ്റി ഇതര മേഖലകളിലും സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങാൻ സർക്കാരിന് പദ്ധതിയുണ്ട്. ഇതിനായി 25 ലക്ഷം രൂപ വരെ കോലാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ ലോൺ നൽകും. തൊഴിൽ മേഖലയെയും വിദ്യാഭ്യാസ മേഖലയെയും തമ്മിൽ ബന്ധിപ്പിക്കുന്ന സംയോജിത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. കേരളത്തിലെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായികളെ തന്നെ ബ്രാൻഡ് അമ്പാസഡർമാരാക്കും.

കരകൗശല ഉല്പന്നങ്ങളുടെ രാജ്യാന്തര പ്രദർശനങ്ങൾ സംഘടിപ്പിക്കാനും പദ്ധതിയുണ്ട്. സ്കൂൾ യൂണിഫോമുകൾക്കായി കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുക എന്ന ആശയം യു.പി തലം വരെ നടപ്പാക്കിയിട്ടുണ്ട്. ഇത് കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുക വഴി കൈത്തറി വ്യവസായം മെച്ചപ്പെടുത്താനാകും. അസംസ്കൃത മുള തുടങ്ങിയ പ്രകൃതിജന്യ വസ്തുക്കൾ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള വ്യവസായ സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകും.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുവെ ലാഭത്തിലാണ്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രൊഫഷണൽ മാനേജർമാരെ നിയമിക്കും. ഒരേ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലയിപ്പിക്കും. വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ വ്യവസ്ഥകൾ സംബന്ധിച്ച ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കും. പഞ്ചായത്തുകൾ നിയമലംഘനം സംബന്ധിച്ച് നൽകുന്ന സ്റ്റോപ്പ് മെമോ ഇനി മുതൽ വിദഗ്ദ്ധ സമിതിയുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷം മാത്രം നൽകാനാണ് സർക്കാർ തീരുമാനം. വിവിധ ലൈസൻസുകൾ നൽകുന്നതിനായുള്ള പരിശോധനകൾ സംയുക്തമായി നടത്തും.

റോബോട്ടിക്സ് ആന്റ് റോട്ടമേഷൻ സംവിധാനം വികസിത രാജ്യങ്ങളിൽ വിജയിച്ചു പ്രവർത്തിക്കുന്ന സാഹചര്യമായതിനാൽ വരും കാലങ്ങളിൽ ഇത്തരം സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകളും പരിശോധിക്കണമെന്ന് വാഷിംഗ്ടണിൽ നിന്നുള്ള കൺസൾട്ടന്റ് ഡോ. പ്രീത ചാത്തോത്ത് പറഞ്ഞു. സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിൽ താഴെത്തട്ടിലുള്ള സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന പ്രോജക്ടുകൾ കേരളത്തിലും നടപ്പാക്കണം. വിദേശ സഹകരണത്തോടെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കുമ്പോൾ ജപ്പാൻ, സ്കാൻഡിനേവിയൻ എന്നിവയുമായുള്ള സഹകരണത്തിന്

പ്രധാന്യം നൽകണം. തേങ്ങ, ചക്ക തുടങ്ങിയ തനതു കാർഷക വിളകളുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിദേശരാജ്യങ്ങളിലെ വിപണി സാദ്ധ്യതകളും പ്രയോജനപ്പെടുത്തണമെന്നും ഹെൽത്ത് ടെക്നോളജി രംഗത്തും കേരളത്തിന് നിക്ഷേപക സാദ്ധ്യതകൾ ഉണ്ടെന്നും അവർ പറഞ്ഞു.

ആഫ്രിക്കൻ രാജ്യങ്ങളിൽ സേവനമേഖല ശൈശവദശയിലായതിനാൽ ഈ രംഗത്ത് നിക്ഷേപക സാദ്ധ്യതയുണ്ട്. കേരള സർക്കാർ സംരംഭങ്ങൾ തുടങ്ങിയാൽ ധാരാളം പേർക്ക് ജോലി സാദ്ധ്യതയുണ്ടാകുമെന്നും ടാൻസാനിയയിൽ നിന്നെത്തിയ പ്രതിനിധി അഭിപ്രായപ്പെട്ടു. വ്യവസായ സംരംഭങ്ങൾ സംബന്ധിച്ച നയപരമായ കാര്യ ങ്ങളും പ്രായോഗിക നടപടികളും സംബന്ധിച്ച് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരെ ബോധ വത്കരിക്കണമെന്നും അഭിപ്രായമുയർന്നു. സർക്കാരിന്റെ പ്രവാസി സൗഹൃദനയത്തിന് രാജ്യത്തിന് അകത്തും പുറത്തും വമ്പിച്ച പ്രചരണം നൽകണം. മൾട്ടി കൺട്രി രജിസ്ട്രേ ഷനോടെ കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള സാദ്ധ്യതകളും സർക്കാർ പരി ശോധിക്കണം. നവസാങ്കേതിക വിദ്യകൾ വേഗത്തിൽ സ്വായത്തമാക്കാനും നടപ്പാ ക്കാനും കഴിയുന്ന വിധത്തിൽ സർക്കാർ സംവിധാനത്തിൽ ഡിജിറ്റൽ മാനേജർമാർ ഉണ്ടാകണം. കേരളത്തിന്റെ ഉൾപ്രദേശങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ സഹായ ത്തോടെ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഓൺലൈൻ റിമോട്ട് വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കണം. പ്രൈവറ്റ്-പബ്ലിക് പങ്കാളിത്ത ത്തിൽ കമ്പനികൾ രൂപീകരിച്ച് കേരളത്തിന്റെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ നടപടി ഉണ്ടാകണം. ത്രീഡി പ്രിന്റിംഗ് ടെക്നോളജിയുടെ വ്യവസായ സാദ്ധ്യതകളും പ്രയോജനപ്പെടുത്തണം. ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. പ്രോപ്പർട്ടിയുമായി ബന്ധപ്പെട്ട പ്രവാസി പ്രോപ്പർട്ടി പ്രൊട്ടക്ഷൻ, കേരള അപ്പാർട്മെന്റ് ഓണർഷിപ്പ് ആക്ട് എന്നിവ പ്രയോജനപ്രദമായി നടപ്പാക്കണം. കേരളത്തിൽ കാലങ്ങ ളായി തുടരുന്ന വർക്ക് ഷെഡ്യൂളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്നും പ്രതിനിധികൾ നിർദ്ദേശിച്ചു.

നോളജ് ഇക്കോണമിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ വ്യവസായ വിപ്ലവത്തിന് കേരളം തയ്യാറെടുക്കണമെന്നും അഭിപ്രായമുയർന്നു.

എക്സൈസ് വകുപ്പു മന്ത്രി ടി.പി. രാമകൃഷ്ണൻ, പി.കെ. ബിജു എംപി, എംഎൽ എ.മാരായ സി.കെ. നാണു, വി.കെ.സി. മമ്മദ് കോയ, കെ.എസ്. ശബരിനാഥ്, കോവൂർ കുഞ്ഞുമോൻ, എൻ. വിജയൻ പിള്ള, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ നേതൃത്വം നൽകി.

## ഭാഷയ്ക്കൊരുഡോളർ പദ്ധതി ലോകവ്യാപകമാക്കണം: ലോകകേരളസഭയിൽ ആവശ്യം

പ്രവാസികളിൽ മലയാളഭാഷ കൂടുതൽ വ്യാപിപ്പിക്കുന്നതിനും മലയാളംമിഷൻ പ്രവർത്തനങ്ങൾ ഇതുവരെ ശ്രദ്ധകിട്ടാത്ത രാജ്യങ്ങളിൽ തുടങ്ങുന്നതിനും നടപടികളു ണ്ടാവണമെന്ന് ലോകകേരളസഭയുടെ ഭാഷയും സംസ്കാരവും സംബന്ധിച്ച ഉപസ മ്മേളനത്തിൽ പ്രതിനിധികളിൽനിന്ന് ആവശ്യമുയർന്നു. പ്രമുഖ ക്യാൻസർരോഗ വിദഗ്ധനും അമേരിക്കയിലെ തോമസ് ജെഫേഴ്സൺ സർവകലാശാലയിലെ ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറുമായ ഡോ.എം,വി.പിള്ള ഭാഷയ്ക്കൊരുഡോളർ പദ്ധതിയുടെ മാതൃകയിൽ പ്രവാസിമലയാളികളുള്ള എല്ലാ വിദേശരാജ്യങ്ങളിലും അതതുരാജ്യത്തെ കറൻസി അടിസ്ഥാനമാക്കി ഭാഷാപുരസ്കാരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടു.കേരളപ്പിറവി ദിനത്തിൽ അത് വിതരണം ചെയ്യണം.

അമേരിക്കയിലെ മ്യൂസിയം ഓഫ്മോഡേൺആർട്ട്, ഫ്രാൻസിലെ ലൂവ്ര് പോലുള്ള മ്യൂസിയങ്ങളുടെ മാതൃകയിൽ നമ്മുടെസംസ്കാരത്തെക്കുറിച്ചറിയാൻസഹായിക്കുന്ന വിർചൽ മ്യൂസിയങ്ങൾ ആരംഭിക്കണമെന്ന് സച്ചിദാനന്ദൻ ആവശ്യപ്പെട്ടു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ അതതുനാടുകളിലെ സാംസ്കാരികവൈവിധ്യങ്ങൾ പരിചയപ്പെടാൻ സഹായിക്കുന്ന ചെറിയ മ്യൂസിയങ്ങൾ സ്ഥാപിക്കാം. പ്രവാസികുട്ടികൾക്കായി കേരളസംസ്കാരം പരിചയപ്പെടാൻ ഉതകുന്ന കേരളസാംസ്കാരിക യാത്രകൾസംഘടിപ്പിക്കണം. പ്രവാസിമലയാളികൾക്കായി ഭാഷാപഠനത്തിന് സഹായകമായ പഠനമൊഡ്യൂളുകൾ മലയാളംമിഷൻ തയ്യാറാക്കണം. പ്രവാസികൾ വിദേശത്തു നടത്തുന്ന മികച്ച പ്രസിദ്ധീകരണങ്ങൾക്ക് സാംസ്കാരികവകുപ്പ് ഗ്രാന്റ് നൽകുന്നതും ആലോചിക്കാമെന്ന് സച്ചിദാനന്ദൻ അഭിപ്രായപ്പെട്ടു.

സാംസ്കാരികവിനിമയപരിപാടികളിലും സാംസ്കാരികപര്യടനങ്ങളിലും തെക്കുകിഴക്കൻഏഷ്യ, ആഫ്രിക്ക തുടങ്ങിയ ഇതുവരെ അധികം ശ്രദ്ധകിട്ടാത്ത രാജ്യങ്ങൾക്ക് പ്രാധാന്യം ലഭിക്കണമെന്ന് ആവശ്യമുയർന്നു. കളരിപ്പയറ്റ് പോലുള്ള ആയോധനകലകൾ ചൈനയിലേക്കും മറ്റുമുള്ള സാംസ്കാരികപര്യടനങ്ങളിൽ ഉൾപ്പെടുത്തുന്നത് ആയോധനകലാ സംസ്കാരമുള്ള ഈരാജ്യങ്ങളിൽ കേരളത്തെക്കുറിച്ച് അറിയാൻ സഹായകമാണെന്ന് ഹോങ്കോങ്ങിൽനിന്നുള്ള പ്രതിനിധി അഭിപ്രായപ്പെട്ടു. ആഫ്രിക്കയിലും മലയാളംമിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ടാൻസാനിയയിൽനിന്നുള്ള പ്രതിനിധി ഉന്നയിച്ചു. പ്രവാസിമലയാളികളുടെ കുട്ടികൾക്കായി യുവജനോത്സവംസംഘടിപ്പിക്കുക, പ്രവാസികൾക്കായി സാഹിത്യ,കലാശില്പശാലകൾ, റെസിഡെൻഷ്യൽക്യാമ്പുകൾ നടത്തുക എന്നീ ആവശ്യങ്ങളും ഉയർന്നു.

സാംസ്കാരികമന്ത്രി എ.കെ.ബാലൻ, മ്യൂസിയം,പുരാരേഖ,പുരാവസ്തുവകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി,എം.എൽഎമാരായ എം.കെ.മുനീർ, മുകേഷ്, പുരുഷൻ കടലുണ്ടി,സി.മമ്മൂട്ടി, സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണിജോർജ്, മലയാളംമിഷൻ ഡയറക്ടർ സുജ സൂസൻ ജോർജ് എന്നിവർ ചർച്ച നയിച്ചു.

## പ്രവാസി വനിതകളുടെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന വേണം - ഉപസമ്മേളനം

പ്രവാസി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടിയ സ്ത്രീകളും പ്രവാസവും സംബന്ധിച്ച ഉപസമ്മേളനം ശ്രദ്ധേയമായി. വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രതിനിധികൾ ഉന്നയിച്ചു. വിദേശ രാജ്യങ്ങളിലെ നിയമങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയാണ് സ്ത്രീകൾ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശനം. ഇതിനെതിരെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി രൂപീകരിച്ച പുതിയ വകുപ്പിലൂടെ നിയമ ബോധവൽക്കരണം നടത്തുമെന്നും ഡാറ്റാ ബാങ്ക് തയാറാക്കുമെന്നും നിലവിലുള്ള കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക സംരക്ഷണ പാക്കേജ് തയ്യാറാക്കാൻ നടപടിയെടുക്കുമെന്നും മന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലായിരുന്നു മുൻപ് സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച വകുപ്പ് നിലനിന്നിരുന്നത്.

വിദേശത്ത് വീട്ടുജോലിക്ക് പോകുന്നവർക്ക് ജോലിസംബന്ധമായ അറിവ് നൽകാൻ കഴിയുന്നതരത്തിൽ തൊഴിൽ നൈപുണ്യ പാക്കേജുകൾ തയ്യാറാക്കണമെന്ന് സാമൂഹ്യ പ്രവർത്തക സുനിതാ കൃഷ്ണൻ പറഞ്ഞു. മലയാളി കൂട്ടായ്മ, സോഷ്യൽ മീഡിയ ഗ്രൂപ്പ്, മലയാളം മിഷൻ എന്നിവയിലൂടെ പ്രവാസി വനിതകളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കണം. വിദേശത്ത് വീട്ടുജോലി ചെയ്യുന്ന സ്ത്രീകളിൽ ഭൂരിഭാഗം പേർക്കും പത്രം വായിക്കുന്നതിനോ, ടി.വി കാണുന്നതിനോ ഉള്ള സാഹചര്യമില്ല. റേഡിയോ മാത്രമാണ് ആശ്രയം. കൂടുതൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ റേഡിയോയിലൂടെ അവതരിപ്പിക്കണമെന്ന് നടിയും നർത്തകിയുമായ ആശാ ശരത്ത് ആവശ്യപ്പെട്ടു.

മനുഷ്യക്കടത്തും താമസസൗകര്യം ഇല്ലാത്തതും പ്രവാസി സ്ത്രീകളെ പ്രതിസന്ധിയിലെത്തിക്കുന്നു. അനധികൃതമായി താമസിച്ചതിന്റെ പേരിൽ നിയമനടപടി നേരിടേണ്ടിവന്ന നിരവധി സ്ത്രീകൾ പ്രവാസി മലയാളികൾക്കിടയിലുണ്ടെന്ന് പ്രതിനിധികൾ പറഞ്ഞു. നിസാര തെറ്റുകൾ ചെയ്തതിന് ജയിൽ ശിക്ഷ നേരിടുന്ന സ്ത്രീകൾ ഇന്നും വിദേശ ജയിലുകളിലുണ്ട്. ഇവർക്ക് വേണ്ടുന്ന നിയമസഹായം നൽകാൻ സർക്കാർ ഇടപെടണമെന്നും ആവശ്യമുയർന്നു. ഇതര സംസ്ഥാനങ്ങളിൽ തൊഴിൽ തേടിപ്പോകുന്നവരെക്കുറിച്ചുള്ള. വ്യക്തമായ രേഖ ഉണ്ടാവണമെന്നും അഭിപ്രായമുണ്ടായി. വിദേശത്ത് മലയാളി വീട്ടുജോലിക്കാർക്ക് കുറഞ്ഞ ശമ്പളമാണ് ലഭിക്കുന്നത്. സ്വന്തം നാട്ടിൽ തന്നെ മെച്ചപ്പെട്ട തൊഴിൽ മേഖലകൾ സൃഷ്ടിക്കപ്പെട്ടാൽ ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാൻ കഴിയും.

കേരളത്തിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി എത്തുന്ന കർണാടകയിൽ അമിതമായ ഫീസാണ് ഈടാക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ പതിയണമെന്നും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നും മലയാളിയും കർണാടകയിലെ മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനുമായ അലക്സാണ്ടർ അഭിപ്രായപ്പെട്ടു.

മാനസിക സംഘർഷം അനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് പഞ്ചായത്തുകൾ തോറും സൗജന്യ കൗൺസിലിംഗ് സെന്ററുകൾ തുടങ്ങണമെന്ന് ശ്രീമതി ടീച്ചർ എം.പി അഭിപ്രായപ്പെട്ടു. പത്തനംതിട്ട ജില്ലയിലെ പ്രവാസി വീടുകൾക്കും വയോജനങ്ങൾക്കും കൂടുതൽ സംരക്ഷണം ആവശ്യമാണെന്നും വിദേശത്ത് പോയവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നും വീണാ ജോർജ് എം.എൽ.എ പറഞ്ഞു.

സ്വദേശി വൽക്കരണത്തിന്റെ ഭാഗമായി തിരിച്ചുവരുന്ന പ്രവാസി വനിതകൾക്ക് നോർക്കയുമായി ബന്ധപ്പെടുത്തി വിമൻ ആന്റ് ചൈൽഡ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കുമെന്ന് സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ അറിയിച്ചു. ഉഷ ടൈറ്റസ്, ഡിജിപി ബി. സന്ധ്യ എന്നിവർ പങ്കെടുത്തു.

## പാർട് 5

### വികസന ചരിത്രത്തിൽ ഒരുമയുടെ പുതിയ സൂര്യോദയം: സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ

വികസന ചരിത്രത്തിൽ ഒരുമയുടെ പുതിയ സൂര്യോദയമാണ് ലോക കേരള സഭയുടെ രൂപീകരണത്തോടെ കേരളത്തിന് ലഭിച്ചിരിക്കുന്നതെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻപറഞ്ഞു. ലോക കേരള സഭയുടെ രണ്ട് ദിവസം നീണ്ടുനിന്ന പ്രഥമ യോഗ നടപടികൾ അവസാനിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണപക്ഷവും പ്രതിപക്ഷവും സഭാ രൂപീകരണത്തിന് ഒരുമിച്ചു എന്നത് പ്രവാസികൾക്ക് ഏറെ അഭിമാനിക്കാവുന്ന കാര്യമാണ്. വികസന കാര്യത്തിൽ കേരളത്തിൽ ഭരണപക്ഷ, പ്രതിപക്ഷ യോജിപ്പ് ഉണ്ടാക്കാൻ പറ്റില്ലെന്ന വിമർശനവും ഇതോടൊപ്പം ഇല്ലാതാകുകയാണ് എന്ന് സ്പീക്കർ ചൂണ്ടിക്കാട്ടി. തികഞ്ഞ അച്ചടക്കത്തോടെയും സമയക്ലിപ്തതയോടെയും സഭാനടപടികൾ പൂർത്തിയാക്കാൻ സഹായിച്ചതിൽ അംഗങ്ങളെ സ്പീക്കർ അഭിനന്ദിച്ചു. ലോക ജനാധിപത്യ ചരിത്രത്തിൽ കേരളം സംഭാവന ചെയ്യുന്ന ഏറ്റവും സുപ്രധാനമായ അധ്യായമാണ് ലോക കേരള സഭ എന്നും സ്പീക്കർ ചൂണ്ടിക്കാട്ടി.

## പ്രവാസികൾക്ക് ഡിവിഡന്റ് പെൻഷൻ പദ്ധതി രൂപീകരിക്കണം: പി.ടി കുഞ്ഞുമുഹമ്മദ്

പ്രവാസിക്ഷേമം ഉറപ്പുവരുത്തുന്നതിന്റെ ഭഗമായി അവർക്ക് ഡിവിഡന്റ് പെൻഷൻ പദ്ധതി രൂപീകരിക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടുവരണമെന്ന് പ്രവാസി വെൽഫെയർ ബോർഡ് ചെയർമാനും മുൻ എം.എൽ.എയുമായ പി.ടി കുഞ്ഞമുഹമ്മദ് പറഞ്ഞു. ലോക കേരള സഭയുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഞ്ച് മുതൽ 50 ലക്ഷം വരെയുള്ള തുക പ്രവാസികളിൽ നിന്ന് സ്വീകരിച്ച് മൂന്നു വർഷത്തിന് ശേഷം അവർക്ക് പെൻഷൻ ഇനത്തിൽ നിശ്ചിത തുക അനുവദിക്കുന്ന രീതിയാണിത്. പ്രവാസിയുടെ മരണ ശേഷം ഭാര്യയ്ക്കു കൂടി പെൻഷൻ നൽകണം. അവരുടെ കാലശേഷം മക്കൾക്ക് ഡിവിഡന്റ് തുക തിരികെ നൽകുന്ന രീതിയിലായിരിക്കണം പദ്ധതി ആവിഷ്ക്കരിക്കേണ്ടത്. പലിശയെന്ന നിലയിലല്ലാതെ, പെൻഷൻ എന്ന രീതിയിൽ നിശ്ചിത തുക നൽകിയാൽ എല്ലാ വിഭാഗം പ്രവാസികൾക്കും പദ്ധതിയുമായി സഹകരിക്കാനാവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മലയാളി പ്രവാസികളുടെ ചരിത്രം സമഗ്രമായി രേഖപ്പെടുത്തുന്നതിനും പ്രവാസത്തിന്റെ സാധ്യതകൾ, സവിശേഷതകൾ, പ്രശ്നങ്ങൾ തുടങ്ങിയവയെക്കുറിച്ച പഠനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി ഇന്റർനാഷനൽ മൈഗ്രേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നും അദ്ദേഹം പറഞ്ഞു.

## ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തണം: കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം

എല്ലാ ജില്ലകളിലും വിശാലമായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കണമെന്ന് കേന്ദ്ര ടൂറിസം സഹമന്ത്രി അൽഫോൺസ് കണ്ണന്താനം പറഞ്ഞു. ലോക കേരള സഭയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വികസന പ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയ ഭേദമന്യേ സഹകരിക്കുന്ന സംസ്ക്കാരം വളർത്തിയെടുക്കണം. ലോക കേരള സഭയെന്നത് മഹത്തായ ആശയമാണ്. ലോക ചരിത്രത്തിൽ തന്നെ ഇതിന് സമാനമായ പരിപാടി നടന്നിട്ടുണ്ടാവില്ല. സത്യസന്ധമായും കാര്യക്ഷമമായും ജോലി ചെയ്യുന്നവരാണ് മലയാളികൾ. ഇവരോടൊപ്പം കേരളത്തിലെ മികവുറ്റ രാഷ്ട്രീയക്കാരും സിവിൽ സർവീസും ചേർന്നാൽ വലിയ മുന്നേറ്റം സൃഷ്ടിക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു.

ഐ.ടി മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വ്യാപകമാവുന്നതോടെ നിലവിലെ പ്രോസസിംഗ് കമ്പനികൾ അപ്രസക്തമാവും. ഇത് മുൻകൂട്ടിക്കണ്ട് ബിഗ് ഡാറ്റ അനാലിസിസ്, ആർടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകൾ കൂടി സിലബസിൽ ഉൾപ്പെടുത്തി യുവാക്കളെ സജ്ജമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

## കേരളത്തിലേക്ക് നിക്ഷേപമെത്തിക്കാൻ പ്രവാസികൾ മുന്നിട്ടിറങ്ങണം: രമേശ് ചെന്നിത്തല

കേരളത്തിലേക്ക് കൂടുതൽ നിക്ഷേപങ്ങളെത്തിക്കുന്നതിൽ പ്രവാസികൾ മുൻകൈയെടുക്കണമെന്നും അക്കാര്യത്തിൽ ലോക കേരള സഭ സഹായകമാവണമെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ലോക കേരള സഭയുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോക രാഷ്ട്രങ്ങളുടെയെല്ലാം പ്രധാന ചർച്ച

എങ്ങനെ കൂടുതൽ നിക്ഷേപം സമാഹരിക്കാമെന്നതാണ്. കേരളത്തെ കൂടുതൽ ബിസിനസ് സൗഹൃമാക്കി മാറ്റാനാവണം. കേരളത്തിനു യോജിച്ച ചെറുവ്യവസായ-വ്യാപാര സംരംഭങ്ങൾ തുടങ്ങാൻ പ്രവാസികൾക്കാവും. അതുവഴി കൂടുതൽ തൊഴിലവസരങ്ങളും സാമൂഹ്യപുരോഗതിയും സൃഷ്ടിക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു.

ലോക കേരള സഭയെ സംബന്ധിച്ചിടത്തോളം ഇതൊരു തുടക്കം മാത്രമാണ്. പോരായ്മകൾ തീർത്ത് മുന്നോട്ടുപോകാനാവണം. ഇവിടെ നടന്ന സമഗ്രമായ ചർച്ചകൾ സഭാംഗങ്ങൾ അതത് രാജ്യങ്ങളിലെ പ്രവാസി സമൂഹങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

പ്രവാസികളിൽ നിന്നുള്ള നിക്ഷേപ സാധ്യതകൾ ചർച്ച ചെയ്യുന്നതോടൊപ്പം അവരുടെ കരുതൽ കൂടി ഉറപ്പുവരുത്തുന്നതാണ് ലോക കേരള സഭയെന്ന് സിനിമാ പ്രവർത്തക കൂടിയായ പ്രസീഡിയം അംഗം രേവതി പറഞ്ഞു. ഇതൊരു തുടക്കം മാത്രമാണ്. നമുക്ക് ഏറെ മുന്നോട്ടുപോകുവാനുണ്ട്. നമ്മുടെ മക്കളും ചെറുമക്കളും ഈ സഭയെക്കുറിച്ച് സംസാരിക്കുന്ന ഒരു സമയം വരുമെന്നും അവർ പറഞ്ഞു. പ്രവാസികൾക്കുള്ള കേരള സർക്കാരിന്റെ സമ്മാനമാണ് ലോക കേരള സഭയെന്ന് പ്രസീഡിയം അംഗം ഡോ. ആസാദ് മൂപ്പൻ അഭിപ്രായപ്പെട്ടു. ശബ്ദമില്ലാത്തവർക്ക് ശബ്ദം നൽകാൻ സഭയ്ക്കായി. ഇതിന് മുൻകൈയെടുത്ത സംസ്ഥാന സർക്കാരിനും വിജയിപ്പിക്കാൻ മുൻകൈയെടുത്ത പ്രതിപക്ഷത്തിനും നന്ദി പറയുന്നതായും അദ്ദേഹം പറഞ്ഞു. പ്രവാസികളുടെ ഉറ്റവരുടെയും ഉടയവരുടെയും പ്രാർത്ഥനാഫലം കൂടിയാണ് ലോക കേരളസഭയെന്ന് പ്രസീഡിയം അംഗമായ ഡോ. എം. അനിരുദ്ധൻ പറഞ്ഞു.

## പാർട് 6

### കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവാസി സഹായ കേന്ദ്രങ്ങൾ തുടങ്ങണം: ഗവർണർ

### ലോക കേരള സഭ സമാപിച്ചു

തൊഴിൽ അന്വേഷകരെ സഹായിക്കാൻ വിദേശ പരിചയം ഉള്ളവരെ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവാസി സഹായ കേന്ദ്രങ്ങൾ തുടങ്ങുന്നത് നന്നായിരിക്കുമെന്ന് ഗവർണർ പി. സദാശിവം പറഞ്ഞു. കേരളത്തിലേക്ക് മടങ്ങുന്ന പ്രവാസികൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാനും പ്രവാസി സഹായ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്താം. പ്രവാസികളിലേറെയും ജീവിക്കുന്നതിനായി മോശം സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടി വരുന്നതിനാലാണ് ഇത്തരമൊരു നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നതെന്ന് ഗവർണർ പറഞ്ഞു. ലോകകേരളസഭയുടെ സമാപന സമ്മേളനം നിശാഗന്ധിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകകേരള സഭയുടെ ഭാഗമായി ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി സെമിനാറുകളും ചർച്ചയും സംഘടിപ്പിച്ചതായി മനസിലാക്കുന്നു. ശാസ്ത്ര, ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രവാസി മലയാളികൾ തങ്ങളുടെ വൈദഗ്ധ്യവും അറിവും ഇവിടത്തെ വിദ്യാർത്ഥികളും ഗവേഷകരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. കേരളത്തിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര തലത്തിൽ വാതായനങ്ങൾ തുറന്നു നൽകുന്ന മികച്ച പദ്ധതികൾക്ക് കേരളത്തിലെ സർവകലാശാലകളുടെ ചാൻസലർ എന്ന നിലയിൽ എല്ലാ സഹായവും വാഗ്ദാനം ചെയ്യുന്നു. തങ്ങൾ ജോലി ചെയ്യുന്ന രാജ്യങ്ങളിൽ കേരളത്തെ മികച്ച വിദ്യാഭ്യാസ കേന്ദ്രമായി അവതരിപ്പിക്കുന്ന അംബാസഡർമാരാകാൻ പ്രവാസികളായ അദ്ധ്യാപകർ തയ്യാറാവണം. സമൂഹത്തിന്റെ പൊതുഗുണത്തിനായി പ്രവാസി നിക്ഷേപങ്ങൾ സാധ്യമാക്കുന്ന പുതിയ നിക്ഷേപ പദ്ധതികൾക്ക് രൂപം

നൽകണം. ലോകകേരളസഭയിൽ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവെന്ന് കരുതുന്നു. വിവരസാങ്കേതികവിദ്യ, ടൂറിസം, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ അടുത്ത അഞ്ചു വർഷത്തിൽ പത്തു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന കേരളത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ വിജയികളായ പ്രവാസി വ്യവസായികൾ മുന്നോട്ടു വരണം.

ഇന്ത്യയിലെ ഏറ്റവും മികച്ച തൊഴിലാളികളായാണ് മലയാളികളെ കരുതുന്നത്. എന്നാൽ മറ്റു രാജ്യങ്ങളിൽ അവർ ജോലി ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. വീട്ടുജോലിയിലും ആരോഗ്യ മേഖലയിലും പണിയെടുക്കുന്ന സ്ത്രീ ജീവനക്കാരുടെ സുരക്ഷയെ സംബന്ധിച്ച് ചർച്ച ചെയ്യണം. ഇത്തരം കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനു മുന്നിൽ വയ്ക്കേണ്ട നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സംസ്ഥാനസർക്കാരിന് ലോകകേരളസഭയിലെ ചർച്ചകൾ സഹായകമാകുമെന്ന് കരുതുന്നു. ആവശ്യമായ നൈപുണ്യ പരിശീലനം നൽകിയാൽ കേരളത്തിലെ ചെറുപ്പക്കാർക്ക് ആഗോള തൊഴിൽ മേഖലയെ കീഴടക്കാനാവും. പ്രവാസി ജീവിതം വരച്ചു കാട്ടുന്ന ബെന്യാമിന്റെ ആടുജീവിതത്തിലെ കഥാപാത്രമായ നജീബ് ലോകകേരളസഭയ്ക്കെത്തിയിരുന്നു. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർ റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിനിരയായി നേരിടേണ്ടി വരുന്ന കഠിനാവസ്ഥയെക്കുറിച്ച് വ്യക്തമായ സന്ദേശമാണ് നജീബിന്റെ ജീവിതം നൽകുന്നതെന്ന് ഗവർണർ പറഞ്ഞു. പ്രവാസികളെ ഉൾക്കൊള്ളിച്ച് ലോക കേരളസഭ സംഘടിപ്പിച്ചതിനും പ്രതിപക്ഷത്തിന്റെ സഹകരണം ഉറപ്പാക്കിയതിനും മുഖ്യമന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഗവർണർ അഭിനന്ദിച്ചു. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് സഭാ നടപടികൾ വിജയിപ്പിച്ചത് മാതൃകയാണ്. രണ്ടു ദിവസത്തെ സഭ ഫലപ്രദമായി നിയന്ത്രിച്ച സ്പീക്കറെയും അദ്ദേഹം അഭിനന്ദിച്ചു.

കേരളത്തിലെ 50 ലക്ഷം പേർ പ്രവാസികളെ ആശ്രയിച്ചാണ് കഴിയുന്നതെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. 86 ശതമാനം പേരും ഗൾഫ് രാജ്യങ്ങളിലാണ് ജോലിയെടുക്കുന്നത്. 3.4 ശതമാനം പേർ യു.എസിലും മറ്റുള്ളവർ കാനഡ, ന്യൂസിലാൻഡ്, ആസ്ട്രേലിയ എന്നിവിടങ്ങളിലും തൊഴിലെടുക്കുന്നു. ഈ സാഹചര്യത്തിൽ ലോകകേരളസഭ സംഘടിപ്പിച്ചത് ഏറ്റവും അനുയോജ്യമാണെന്നും ഗവർണർ പറഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ഡോ. കെ.ടി. ജലീൽ, മേയർ വി. കെ. പ്രശാന്ത്, വിജയൻ പിള്ള എം.എൽ.എ, ചീഫ് സെക്രട്ടറി പോൾ ആന്റണി, കൗൺസലർ പാളയം രാജൻ, രവിപിള്ള, ഡോ. അനിരുദ്ധൻ, എന്നിവർ പങ്കെടുത്തു. സഹകരണ-ടൂറിസം മന്ത്രി മന്ത്രി കടകംപള്ളി സുരേന്ദ്രൻ സ്വാഗതവും നോർക്ക റൂട്ട്സ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ കെ. വരദരാജൻ നന്ദിയും പറഞ്ഞു.

തുടർന്ന്, പ്രമോദ് പയ്യന്നൂർ സംവിധാനം ചെയ്ത 'പ്രവാസ മലയാളം' എന്ന മൾട്ടി മീഡിയ മെഗാ ഷോ അരങ്ങേറി. 100 ഗായികാ ഗായകൻമാർ ആലപിക്കുന്ന പ്രവാസഗാനങ്ങൾക്കൊപ്പം നാടക, ചലച്ചിത്ര, സംഗീത, നൃത്ത മേഖലകളിൽ 200 ൽ പരം കലാകാരൻമാർ ഒത്തുചേരുന്ന മെഗാ ഷോയാണിത്.

ഹിന്ദി, തമിഴ്, മലയാളം, ബംഗാളി എന്നീ ഭാഷകളിലെ പ്രധാന ഗാനങ്ങളുടെ ആലാപനങ്ങൾക്കൊപ്പം പിന്നിലെ സ്ക്രീനിൽ പ്രവാസ ദൃശ്യങ്ങൾ, വേദിയിൽ കോറിയോഗ്രാഫി അവതരണങ്ങൾ, സാഹിത്യ കൃതികളിലെ പ്രവാസ ജീവിത സന്ദർഭങ്ങളുടെ പുനരാവിഷ്കാരം എന്നിവയായിരുന്നു പരിപാടിയിലെ ആകർഷണം.

**ലോക കേരള സഭ പ്രവാസികൾക്കൊപ്പം നാടുണ്ട് എന്ന പ്രഖ്യാപനം -മുഖ്യമന്ത്രി**

ലോകത്തെവിടെയാണെങ്കിലും മലയാളിക്കൊപ്പം ഈ നാടുണ്ട് എന്ന പ്രഖ്യാപനമായിരുന്നു ലോക കേരള സഭയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നവകേരള സൃഷ്ടിക്കായി നാടിൻെറ ഒപ്പമുണ്ട് എന്ന് പ്രവാസികൾക്ക് പ്രഖ്യാപിച്ച വേദി കൂടിയായിരുന്നു ഇത്. കേരള സഭയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിശാഗന്ധിയിൽ നടന്ന ലോക കേരള സഭയുടെ സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പല കാര്യങ്ങളിലും നാം നേട്ടമുണ്ടാക്കിയെങ്കിലും കാലാനുസൃതമായി മുന്നേറാനുണ്ട്. ലോകത്താകെയുള്ള മലയാളികളിൽ 151 പേരെയാണ് സഭയിൽ ഉൾക്കൊള്ളിക്കാനായത്. ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാൻ കഴിവുള്ള ഒരുപാടുപേരെ എണ്ണത്തിൻെറ പരിമിതി മൂലം ഉൾക്കൊള്ളിക്കാനായില്ലെന്നും അദ്ദേഹം പറഞ്ഞു. കേരളം ഒറ്റമനസായി തുടർന്നും മുന്നോട്ടുപോകണമെന്നും അദ്ദേഹം പറഞ്ഞു.

ജനാധിപത്യത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ സങ്കൽപം ലോകത്തിന് മുമ്പേ പ്രദർശിപ്പിക്കാൻ കഴിഞ്ഞതായി ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. വികസനകാര്യങ്ങളിൽ യോജിപ്പുണ്ടാക്കാൻ കഴിയുന്ന കാര്യങ്ങളിൽ സമവായത്തിൻെറ തുടക്കമായി ലോക കേരള സഭയെ മാറുമെന്നും അദ്ദേഹം പറഞ്ഞു. വികസന കാര്യങ്ങളിൽ രാഷ്ട്രീയം മാറ്റിവെച്ചാണ് ലോകകേരള സഭയിൽ സഹകരിച്ചതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

********************

.